


സഭയുടെ തനിമയും വിശ്വാസ്യതയും ... . . . 2
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

കുമ്പസാരനിരോധനം: കെസിബിസി പ്രതികരണം . . . 3

അക്ഷരങ്ങൾ കോലം .... . . . 4
ഫാ. അഗസ്റ്റിൻ പാംബ്ലാനി CST

ദുരുദ്ദേശ്യപരമായ മാധ്യമ വിചാരണ ... . . . 6

വർധിച്ചുവരുന്ന അസഹിഷ്ണുത ... . . . 7

കാമ്പസ് രാഷ്ട്രീയം ഉയർത്തുന്ന .... . . . 9

വായ്പ രണ്ടു ലക്ഷം, കുടിശ്ശിക... . . . 10

മിഷനറീസ് ഓഫ് ചാരിറ്റി... . . . 12

മീഡിയ ട്രയൽ .... . . . 13
ഫാ. വർഗീസ് വള്ളിക്കാട്ട്

താജ്മഹലിന് എന്ത്പറ്റി? . . . 17

കേന്ദ്രസർവീസിൽ നേരിട്ടുള്ള നിയമനം ... . . . 18
ഫാ. സാജു കുത്തോടിപുത്തൻപുരയിൽ

നെൽവയൽ തണ്ണീർത്തട നിയമം: വേണ്ടത് ... . . . 19

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഭേദഗതികൾ ... . . . 19

സ്ത്രീ സുരക്ഷയില്ലാത്ത രാജ്യങ്ങളിൽ ഇന്ത്യ ... . . . 20

കെസിബിസി പ്രസ്താവനകൾ, വാർത്തകൾ . . . 21

കുമ്പസാരത്തിനെതിരായ നീക്കം ... . . . 24

വാർത്തകൾ... . . . 25

മതസൗഹാർദത്തിന്റെ ഇഫ്ത്താറിൽ തിളങ്ങി പി.ഒ.സി . . . 27

വാങ്മയം കലാ സഹിത്യ സായാഹനത്തിന് തുടക്കം . . . 27

ഒറ്റത്തുരുത്തിൽ നിന്ന് പലതുകളിലേക്ക് . . . 28





KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE


# JAGRATHA

# ജാഗ്രത ന്യൂസ് NEWS


July - August 2018
Issue 265

For Private Circulation Only

സന്ദേശം

# സഭയുടെ തനിമയും വിശ്വാസ്യതയും സംരക്ഷിക്കപ്പെടണം



**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)

**സഭ** പൊതുസമൂഹത്തിൽ ഇന്ന് വളരെയേറെ വിമർശിക്കപ്പെടുകയാണ്. സഭാപിതാക്കന്മാരും സഭാനേതൃത്വവും പുരോഹിതരും കന്യാസ്ത്രീകളും കുറ്റാരോപിതരായുള്ള സംഭവങ്ങൾ ഏറെ ഗൗരവത്തോടെയാണ് കത്തോലിക്കാ സഭ വീക്ഷിക്കുന്നത്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളെ സഭ ഒരിക്കലും ന്യായീകരിക്കുന്നില്ല. തെറ്റുകളെ സഭ എക്കാലവും അപലപിക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റവാളികൾ ആരായാലും ശിക്ഷിക്കപ്പെടണമെന്നത് ഈ രാജ്യത്ത് നിലനില്ക്കുന്ന ഭരണഘടനാനുസൃതമായ നിയമസംവിധാനമാണ്. ആ സംവിധാനവുമായി ആത്മാർത്ഥമായി സഹകരിക്കാൻ സഭയും ദൈവജനവും പ്രതിജ്ഞാബദ്ധവുമാണ്. പാപിയെ ചേർത്തണയ്ക്കുകയും പാപത്തെ നഖശിഖാന്തം എതിർക്കുകയും ചെയ്യുന്ന നിലപാടിൽനിന്ന് ഒരിക്കൽപോലും സഭ പിന്നോക്കം പോയിട്ടില്ല. ക്രൈസ്തവ വിശ്വാസികളുടെ വേദനകളും ആശങ്കകളും പൂർണമായ അർത്ഥത്തിൽ സഭ ഉൾക്കൊള്ളുന്നു.

സമൂഹത്തിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുവാൻ മാധ്യമങ്ങൾക്ക് കഴിയണം. സമൂഹത്തിലെ പുഴുക്കുത്തുകൾ നിർമാർജനം ചെയ്യുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. മറ്റേതു സംവിധാനത്തെക്കാളും ഉപരിയായി മാധ്യമലോകം ഇന്ന് മനുഷ്യമനസ്സുകളെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. സാമൂഹ്യ തിന്മകളെക്കുറിച്ച് ബോധവത്കരിക്കുകയും സത്യം വെളിച്ചത്തു കൊണ്ടുവരികയും വ്യക്തികളിലും സമൂഹത്തിലും മൂല്യച്യുതി സംഭവിക്കാതെ സൂക്ഷിക്കുകയും ചെയ്യേണ്ടത് മാധ്യമങ്ങളുടെ ധർമം കൂടിയാണ്. സെൻസേഷണൽ വാർത്തകൾകൊണ്ട് ശ്രദ്ധ പിടിച്ചുപറ്റുകയും, കവറേജ് വർദ്ധിപ്പിക്കുകയും, അവസരങ്ങൾ ഉപയോഗിച്ച് വ്യക്തികളെയും സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും അവഹേളിക്കുകയും സ്വയം വിധിയാളന്മാരാകുകയും ചെയ്യുന്ന രീതി ആശാസ്യമല്ല; അത് മാധ്യമ ധാർമികതയ്ക്ക് നിരക്കുന്നതുമല്ല. മറ്റാരുടെയോ സ്ഥാപിത താത്പര്യങ്ങൾക്കു വേണ്ടി കരുതിക്കൂട്ടി ചില വിഭാഗങ്ങളെ മാത്രം വളഞ്ഞിട്ടാക്രമിക്കുന്ന രീതി ഒരിക്കലും ന്യായീകരിക്കാനാവില്ല. ചുരുക്കം ചിലരുടെ പേരിൽ ഉയരുന്ന ആരോപണ ങ്ങളുടെ പശ്ചാത്തലത്തിൽ ഒരു സംവിധാനത്തെ മുഴുവൻ അവഹേളിക്കുകയും അതിന്മേൽ വിധിയാളന്മാരാകുകയും ചെയ്യുന്ന മാധ്യമശൈലിയിൽനിന്ന് മാധ്യമ അവതാരകർ പിന്തിരിയേണ്ടതാണ്.

യേശുവിന്റെ പീഡാനുഭവങ്ങൾക്ക് സാക്ഷികളാകേണ്ടി വന്നപ്പോഴും, പ്രതിസന്ധികളെ നേരിടേണ്ടി വന്നപ്പോഴും ശിഷ്യന്മാർ തളർന്നുപോയി. അവർ ഒരു പരിധിവരെ ദൗത്യത്തിൽ നിന്ന് അകന്നു പോവുകയും എതിർ സാക്ഷ്യമാവുകയും ചെയ്തു. യേശുവിൽനിന്ന് അകന്നുപോയ ശിഷ്യന്മാരുടെ വിശ്വാസ്യതയും ന്യായബോധവും വീണ്ടെടുക്കാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസമാണ്. പരിശുദ്ധാത്മാവിന്റെ നിറവ് കേരളസഭയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നു നമുക്കു പ്രത്യാശിക്കാം. നന്മചെയ്തു കടന്നുപോയ ദൈവപുത്രന്റെ കാല്പാടുകൾ പിന്തുടരുകയെന്നതാണ് ക്രൈസ്തവരുടെ കടമയും കർത്തവ്യവും. പരിപൂർണ്ണ ദൈവാശ്രയബോധത്തോടെ ഈ ശുശ്രൂഷ നിർവഹിക്കാം. ഈ അടുത്ത നാളുകളിലായി സഭയെ തേജോവധം ചെയ്യുന്നതിനും സഭാനേതൃത്വത്തെയും പൗരോഹിത്യത്തെയും അവഹേളിക്കുന്നതിനും കൂദാശകളെ തെറ്റായി വ്യാഖ്യാനിക്കുന്നതിനും സഭാസംവിധാനത്തെ തന്നെ തകർക്കുന്നതിനും ആസൂത്രിതമായി നടക്കുന്ന നീക്കങ്ങൾക്കെതിരേ സഭാസമൂഹം ജാഗരൂകരായിരിക്കണം. സഭയുടെ തനിമയും വിശ്വാസ്യതയും സംരക്ഷിക്കാനും പ്രഘോഷിക്കാനും അജപാലകരും വിശ്വാസികളും ഒരേ മനസ്സോടെ പ്രാർത്ഥിക്കണം; കൈകോർക്കണം.

ക്രൈസ്തവസഭയ്ക്കെതിരേയുള്ള പ്രചരണമായാലും, സ്ത്രീകൾക്കെതിരേയുള്ള ആക്രമണമായാലും, കാമ്പസ് കൊലപാതകമായാലും, ദളിത് പീഡനമായാലും മനുഷ്യമഹത്ത്വമാണ് ചിവിട്ടിമെതിക്കപ്പെടുന്നത്. മനുഷ്യകുലത്തിന്റെ നന്മയെ പരിപോഷിപ്പിക്കാത്ത എന്തും മനുഷ്യകുലത്തെ നശിപ്പിക്കും എന്നറിഞ്ഞ് നാം അത്തരം സാഹചര്യങ്ങളോട് പ്രത്യുത്തരിക്കണം. സമൂഹത്തിനു വിവിധ മേഖലകളിൽ മികച്ച സേവനം നല്കിയിട്ടുള്ള, നല്കിക്കൊണ്ടിരിക്കുന്ന കത്തോലിക്കാസഭയെ ചില ഒറ്റപ്പെട്ട ആരോപണങ്ങളുടെ പേരിൽ ചില മാധ്യമങ്ങൾ വളഞ്ഞിട്ടാക്രമിക്കുന്നത് എന്തുകൊണ്ടാണെന്നു സമുദായാംഗങ്ങളും പൊതുസമൂഹവും ചിന്തിക്കുകയും ഉചിതമായി പ്രതികരിക്കുകയും ചെയ്യണം. അതുപോലെ തന്നെ മാധ്യമങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ വസ്തുനിഷ്ഠമാണോ നീതിയുക്തമാണോ എന്ന് പരിശോധിക്കണം. വാർത്തകൾ ശേഖരിക്കുന്നവരും പങ്കുവയ്ക്കുന്നവരും അവരുടെ കർത്തവ്യം നീതിപൂർവമായും ധാർമികതയോടുകൂടിയും ചെയ്യേണ്ടതാണ്.

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com



# കുമ്പസാരനിരോധനം: വനിതാകമ്മീഷൻ ശുപാർശ ഭരണഘടനാവിരുദ്ധവും പ്രതിഷേധാർഹവും

## കെസിബിസി

**കൊച്ചി:** ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ 'കുമ്പസാരം' എന്ന വിശുദ്ധ കൂദാശയെ നിരോധിക്കണമെന്നു ശുപാർശചെയ്തുകൊണ്ട് ദേശീയ വനിതാ കമ്മീഷൻ കേന്ദ്രഗവൺമെന്റിനു റിപ്പോർട്ടു സമർപ്പിച്ചെന്ന മാധ്യമവാർത്ത ക്രൈസ്തവരെ മാത്രമല്ല, മത സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുന്ന എല്ലാവരെയും ഞെട്ടിപ്പിക്കുന്നതാണ്. ഒറ്റപ്പെട്ട ഒരു ആരോപണത്തിന്റെപേരിൽ, കുമ്പസാരത്തിന്റെ ദൈവശാസ്ത്രപരവും, ധാർമികവും മനശ്ശാസ്ത്രപരവുമായ വശങ്ങൾ പരിഗണിക്കാതെയും, ബന്ധപ്പെട്ട ആരുമായും ആലോചിക്കാതെയും, ക്രൈസ്തവസഭകളെ കേൾക്കാതെയും, വനിതാ കമ്മീഷന്റെ അധികാരപരിധിയിൽ വരാത്ത ഒരു വിഷയത്തെക്കുറിച്ച് കമ്മീഷൻ ചെയർപേഴ്സൺ അഭിപ്രായം പറഞ്ഞതും, ഏകപക്ഷീയമായ റിപ്പോർട്ടു നല്കിയതും നിരുത്തരവാദപരവും ദുരുദ്ദേശ്യപരവുമാണെന്നു വ്യക്തമാണ്. കേരളത്തിലെ ഒരു ക്രൈസ്തസഭയിലെ ഒരു പുരോഹിതൻ തന്റെയടുത്ത് കുമ്പസാരിച്ച ഒരു സ്ത്രീ പറഞ്ഞ കുമ്പസാരരഹസ്യം വെളിപ്പെടുത്തിയെന്നും, അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത സ്ത്രീയെ ബ്ളാക് മെയിൽ ചെയ്ത് മൂന്നു പുരോഹിതർ അവരെ ലൈംഗികമായി പീഡിപ്പിച്ചെന്നുമാണ് ആരോപണം. കേസ് പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. പോലീസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഒരു ക്രിമിനൽ കേസിൽ, ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ, ഡൽഹിയിൽ നിന്നു വന്ന്, ആരോടൊക്കെയോ അന്വേഷിച്ചെന്നുവരുത്തി, ക്രൈസ്തവ വിശ്വാസത്തെയും വിശ്വാസികളെയും അവഹേളിക്കുന്ന രീതിയിൽ റിപ്പോർട്ടു നല്കിയത് അധികാര ദുർവിനിയോഗം മാത്രമല്ല, റിപ്പോർട്ടു നല്കിയ വ്യക്തിയുടെ ഗൂഢമായ രാഷ്ട്രീയ ലക്ഷ്യവും വർഗീയ മനോഭാവവും വെളിപ്പെടുത്തുന്നതുമാണ്.

കുമ്പസാരം ക്രൈസ്തവ വിശ്വാസമനുസരിച്ച് ഒരു കൂദാശയാണ്. ആത്മീയ വളർച്ചയ്ക്കും നിത്യരക്ഷയ്ക്കുമുള്ള മാർഗമാണ്. നൂറ്റാണ്ടുകളായി ക്രൈസ്തവസഭകളിൽ കുമ്പസാരം നിലവിലുണ്ട്. ആയിരക്കണക്കിനു വൈദികരുടെയടുത്ത് ലക്ഷക്കണക്കിനു വിശ്വാസികൾ - സ്ത്രീകളും പുരുഷന്മാരും - കുമ്പസാരിച്ചിട്ടുണ്ട്. കുമ്പസാര രഹസ്യം സൂക്ഷിക്കാൻ വേണ്ടി ജീവൻപോലും ബലികൊടുത്തിട്ടുള്ള ചരിത്രമുണ്ട്. കുമ്പസാര രഹസ്യം വെളിപ്പെടുത്തിയെന്നും ലൈംഗികമായി പീഡിപ്പിച്ചെന്നും ആരോപണമുയർന്ന ഒരു ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ, കുമ്പസാരം എന്താണെന്നും എന്തിനാണെന്നും അറിയാത്ത ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ സമർപ്പിച്ച ശുപാർശ, ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണ്. മതസ്പർധ വളർത്തി സമൂഹത്തിൽ സംഘർഷവും കലാപവും സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഗൂഢമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്. ദേശീയ വനിതാ കമ്മീഷന്റെ നടപടിയിൽ കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ ശക്തമായി പ്രതിഷേധിക്കുന്നു. **(26/7/2018)**

**കെസിബിസി പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും നിവേദനം സമർപ്പിച്ചു**

# അക്ഷരങ്ങൾ കോലം കത്തുമ്പോൾ

## ഇരുളിലേക്ക് ഇരുളിനെ വിളമ്പുന്ന മാധ്യമങ്ങൾ

**ഫാ. അഗസ്റ്റിൻ പാംബ്ലാനി സി.എസ്.റ്റി**

"ബിഷപ്പ് മിറിയേലിന്റെ വാദം പൊളിയുന്നു: ജീൻ വാൽ ജീൻ മോഷ്ടിച്ച വെള്ളിപ്പാത്രങ്ങളുമായി പോലീസ് അദ്ദേഹത്തെ ബിഷപ്പ് മിറിയേലിന്റെ അടുത്ത് കൊണ്ടുചെന്നപ്പോൾ ബിഷപ്പ് കള്ളം പറയുകയായിരുന്നു എന്നു തെളിഞ്ഞിരിക്കുന്നു. ആ വെള്ളിക്കാലുകൾ കൂടി സഹോദരാ, താങ്കൾക്കുള്ളതായിരുന്നല്ലോ എന്ന് പറഞ്ഞ് ബിഷപ്പ് കുറ്റവാളിയെ രക്ഷപ്പെടുത്തുകയായിരുന്നു. മോഷണക്കുറ്റം പോലീസിലറിയിക്കാതെ കുറ്റവാളിയെ സഹായിക്കാൻ ശ്രമിച്ചതിന് ഫ്രഞ്ച് പോലീസ് ബിഷപ്പ് മിറിയേലിനെതിരെ നിയമ നടപടികൾക്ക് ഒരുങ്ങുകയാണ്."

''ഗാന്ധിജിയുടെ വാദം പൊളിയുന്നു: ക്വിറ്റിന്ത്യാസമരം പെട്ടെന്ന് നിർത്തിവച്ചത് ഗാന്ധിജി പറഞ്ഞ കാരണം വ്യാജം. ഇന്നലെ പ്രാർഥിച്ചപ്പോൾ അങ്ങനെ തോന്നി' എന്നാണ് ഗാന്ധിജി കോൺഗ്രസ് സമ്മേളനത്തിൽ പറഞ്ഞിരുന്നത്. ഗാന്ധിജി ഒരാഴ്ചയായി പ്രാർഥിച്ചിട്ടേയില്ലെന്ന് ഞങ്ങളുടെ ലേഖകൻ റിപ്പോർട്ടു ചെയ്യുന്നു. ഗാന്ധിജിയുടെ ധാർമ്മികതയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്."

സാഹിത്യത്തിലെയും ചരിത്രത്തിലെയും ഈ രണ്ടു കാര്യങ്ങൾ ഇന്ന് സംഭവിക്കുകയാണെങ്കിൽ കേരളത്തിലെ ചില പ്രമുഖ വാർത്താമാധ്യമങ്ങൾ എപ്രകാരം റിപ്പോർട്ട് ചെയ്യുമെന്ന് ഒന്ന് ഭാവനയിൽ കാണുകയായിരുന്നു. ഇന്നത്തെ നമ്മുടെ മാധ്യമ സംസ്കൃതിയുടെ ധർമ്മബോധത്തിൽ വിക്ടർ യൂഗോയുടെ ബിഷപ്പ് മിറിയേലോ ഗാന്ധിജിയുടെ അഹിംസയോ ഇടം കണ്ടെത്തുക ഏതാണ്ട് അസംഭവ്യം. വിക്ടർ യൂഗോയുടെ ബിഷപ്പിന്റെ കഥാപാത്രം സാമുദായിക പ്രീണനമായിട്ടും വ്യാഖ്യാനിക്കപ്പെട്ടേക്കാം. യൂഗോയും ഗാന്ധിയുമൊക്കെ നേരത്തെ പിറന്നത് എത്രയോ നന്നായി!

ക്രിസ്തീയ സഭയുമായി ബന്ധപ്പെട്ടുണ്ടായ വിവാദത്തെക്കുറിച്ച് കേരളത്തിലെ ഒരു മുഖ്യധാരാ മാധ്യമം തുടർച്ചയായി നല്കിവരുന്ന വാർത്തകളിലെ ചില ശീർഷകങ്ങളും സൂചനകളും ശ്രദ്ധിക്കുക. "മദർ ജനറിലിന്റെ വാദം പൊളിയുന്നു," "കർദ്ദിനാളിന്റെ വാദം പൊളിയുന്നു,'' ''പോലീസിന്റെ വാദം പൊളിയുന്നു,'' ''വൈദിക സമിതിയുടെ വാദം പൊളിയുന്നു" ആകാശവും ഭൂമിയും പൊളിഞ്ഞാലും പൊളിയാത്ത വാദമുണ്ടെങ്കിൽ അത് പ്രസ്തുത മാധ്യമത്തിന്റേതു മാത്രം! അല്ലെങ്കിലും പൊള്ളയായതിനെ വീണ്ടും പൊളിക്കാനാവില്ലല്ലോ. പോലീസ് അന്വേഷണം നടക്കുന്ന വിഷയത്തിൽ സത്യത്തിന്റെ സമ്പൂർണ്ണ സ്വീകാര്യത ഉത്തരവാദിത്തപ്പെട്ടവർ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്.

### താത്പര്യവിതരണം

വാർത്താവിതരണം ഇന്ന് താല്പര്യവിതരണം ആയി മാറിയിരിക്കുന്നു. ''ചരിത്രം എന്നത് ഒരു ചാക്കുപോലെയാണ്. ചരിത്രകാരൻമാർ അവരുടെ സ്വന്തം മിത്തുകൾകൊണ്ട് ഈ ചാക്ക് നിറക്കുന്നു," എന്ന് ചരിത്രവിമർശകർ നിരീക്ഷിച്ചിട്ടുണ്ട്. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെ ബ്രിട്ടീഷുകാർ ശിപ്പായി ലഹളയാക്കിയത് ഇതിനുദാഹരണം. വാർത്തകളിലെ മിത്തുകളിൽ നിന്നും സത്യത്തെ അരിച്ചെടുക്കേണ്ട ഭാരിച്ച ജോലി ഇന്ന് വായനക്കാരൻ തന്നെ ഏറ്റെടുക്കേണ്ടിവരുന്നു. എന്തുവായിക്കണമെന്നു മാത്രമല്ല, വായനയിൽ നിന്നും എന്ത് എടുക്കണം എന്നുകൂടി ഇന്ന് വായനക്കാരിലേക്ക് തിരുകിക്കയറ്റുകയാണ്. ഒരു ചെറിയ ഉദാഹരണം. കർദ്ദിനാൾ ആലഞ്ചേരിയും കന്യാസ്ത്രീയും തമ്മിൽ നടന്ന ടെലിഫോൺ സംഭാഷണത്തിന്റെ ശബ്ദലേഖനം പ്രസിദ്ധീകരിച്ചിട്ട് അതിന്റെ വിശകലനവും നടത്തി ഒരു ലേഖകൻ ഉപസംഹരിക്കുകയാണ്: 'കർദ്ദിനാളിന്റെ നിലപാടുകൾ നിയമവിരുദ്ധമാണെന്ന് വിലയിരുത്തപ്പെടുന്നു. കർദ്ദിനാളിന്റെ ധാർമ്മികതയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്!. ഒരു സ്വകാര്യ സംഭാഷണത്തിന്റെ സ്വതന്ത്ര ശൈലിയും ഭരണത്തലവന്റെ ഔദ്യോഗികഭാഷയും തമ്മിലുള്ള സാമാന്യ അന്തരം തിരിച്ചറിയാനാവാത്ത ധാർമ്മികദരിദ്രനാണ് ഇന്ന് അക്ഷരകേരളത്തിന് ധാർമ്മികതയുടെ ഹരിശ്രീ കുറിച്ചുകൊടുക്കുന്നത് എന്നത് ഒരു വിപരീത വൈചിത്ര്യം! ''താങ്കൾ എന്നോട് ചോദ്യങ്ങൾ ചോദിച്ചാൽ മതി. ഉത്തരം കൂടി എന്റെ വായിലേക്ക് തിരുകിവക്കേണ്ടതില്ല" എന്ന് കപിൽ സിബൽ ഒരു ദേശീയ വാർത്താചാനലിൽ അവതാരകനോട് പറയുന്ന സന്ദർഭം ഓർക്കുന്നു. സിബലിന്റെ മറുപടി ഇന്ന് സഹൃദയരായ മലയാളികളുടെ സാമാന്യമായ ഒരു മാധ്യമവികാരം ആയിട്ടുണ്ടാവണം: ''നിങ്ങൾ വാർത്ത അറിയിച്ചാൽ മതിയാവും; അജ്ഞതയുടെ പടക്കങ്ങൾ കൂടി പൊട്ടിക്കേണ്ട." തെറ്റുചെയ്യാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യക്കാരന് ഉണ്ടായിരിക്കണമെന്ന് ഗാന്ധിജിയുടെ സ്വപ്നം പൂർണ്ണമായും പൂവണിഞ്ഞിരിക്കുന്നത് കേരളത്തിന്റെ മാധ്യമരംഗത്താണെന്ന് തോന്നുന്നു.

### അപരൻ നരകമാകുമ്പോൾ

ഒരു ചെയ്തിയുടേയോ നിജസ്ഥിതിയോ അതിന്റെ കർത്താവിന്റെ ഉദ്ദേശ്യങ്ങളോ അല്ല. അതെപ്പറ്റി പറയുന്ന മൂന്നാംകക്ഷിയുടെ ഉദ്ദേശ്യലക്ഷണങ്ങളാണ് ഇവിടെ അതിന്റെ ശരിതെറ്റുകൾ തീരുമാനിക്കുന്നത്. സ്വാതന്ത്ര്യസമരം ശിപായി ലഹളയാവുന്നത് ആവർത്തിക്കപ്പെടുന്ന പ്രതിഭാസമാണ്. "അപരൻ എനിക്ക് നരകമാണ്" എന്ന് ഫ്രഞ്ച് ചിന്തകനായ ജീൻപോൾ സാർത്ര് പറയുന്നത് അദ്ദേഹത്തിന് മനുഷ്യസ്നേഹം ഇല്ലാഞ്ഞിട്ടല്ല. മനുഷ്യന്റെ സാമൂഹ്യസമ്പർക്കങ്ങളിലെ കാപട്യങ്ങളുടെ ഭീകരത കണ്ടിട്ടാണ്. അപരന് എന്നെക്കുറിച്ചുള്ള സങ്കല്പങ്ങളാണ് എന്റെ സ്വത്വം നിർണ്ണയിക്കുന്നത്. അപരന് എന്നെക്കുറിച്ചുള്ള നിഷേധാത്മക പ്രതിച്ഛായകളുടെ ഉല്പന്നമാണ്, ഞാൻ.. ഈ വ്യഥയിൽ നിന്നാണ് സാർത്ര് അപരൻ നരകമാണെന്നു മനുഷ്യൻ

സ്വതന്ത്രനായിരിക്കാൻ ശപിക്കപ്പെട്ടവനാണെന്നും മറ്റും പൊട്ടിത്തെറിക്കുന്നത്. സങ്കല്പത്തിലെ നിഴൽമനുഷ്യരെ സൃഷ്ടിക്കുന്ന സാമൂഹിക അപരൻമാരിൽ ഇന്നു പ്രാമുഖ്യം മാധ്യമങ്ങൾക്കുതന്നെ. അവയുടെ നല്ല വശത്തെ കൂടി അറിയുന്നതുകൊണ്ട് അവയെ നരകം എന്ന് ആരും വിളിക്കുന്നില്ല. പട്ടി മനുഷ്യനെ കടിച്ചാൽ അതു വാർത്തയല്ല; എന്നാൽ മനുഷ്യൻ പട്ടിയെ കടിച്ചാൽ അത് വാർത്തയാക്കണം എന്നതാണ് ജേർണലിസത്തിലെ ഒരു സാമാന്യ പ്രമാണം. മനുഷ്യർ കടിക്കുന്ന സാഹചര്യമില്ലാത്തതിനാൽ കടിച്ചും കടിപ്പിച്ചും ആ കുറവു നികത്തുന്ന സന്നദ്ധപ്രവർത്തകർ ഇന്നു മാധ്യമരംഗത്ത് സുലഭമാണ് എന്നതു മനസ്സിലാക്കാൻ ചില ചാനൽ ചർച്ചകൾ ശ്രദ്ധിച്ചാൽ മതിയാകും.

കേരളത്തിലെ ക്രിസ്തീയ സഭകളിൽ വിവാദമായ രണ്ടു നിഷേധാത്മക, സംഭവങ്ങൾക്കായി ഒരു മുഖ്യധാരാ പത്രം ഒരു മാസത്തിലേറയായി നീക്കിവച്ചത് നാല്പ്പതോളം ബോക്സുകളും ഇരുന്നൂറിലധികം കോളങ്ങളുമാണ്. ലോകകപ്പും വെള്ളപ്പൊക്കവും അവിശ്വാസപ്രമേയങ്ങളും ക്യാമ്പസ് രാഷ്ട്രീയവുമൊക്കെ കത്തിനില്ക്കുന്ന വേളയിലാണ് ഈ പ്രത്യേക പരിഗണന എന്നോർക്കണം. മലയാളിയുടെ മനസ്സിന് താത്പര്യം ലോലവും നിഷേധാത്മകവുമായ വാർത്തകളോടായതിനാൽ അത്തരം വാർത്തകളെ പരമാവധി ആഘോഷിക്കണമെന്ന് ചിലയിടങ്ങളിൽ അനൗദ്യോഗിക നിർദ്ദേശം തന്നെയുണ്ടത്രേ. ഒരു മതാദ്ധ്യക്ഷനെ കേസിൽപ്പെടുത്തുവനായി കോടികൾ പ്രതിഫലം വാങ്ങുന്ന വക്കീലന്മാരെ സുപ്രീം കോടതിയിൽ ഇറക്കിയതിനുപിന്നിൽ 'നെഗറ്റിവിറ്റി'യുടെ വാണിജ്യമൂല്യം കൊയ്യാനറിയുന്നവരുടെ സഖ്യംതന്നെ ഉണ്ടായിരുന്നു എന്നു പറയപ്പെടുന്നു.

## പാപത്തിനും ചെകുത്താനും ഡിമാൻഡ്

പാപത്തിനും ചെകുത്താനുമൊക്കെ ഇന്ന് മതങ്ങളിലേക്കാളും ഡിമാൻഡ് കാണുന്നത് മാധ്യമങ്ങളിലാണ്. പാപം കണ്ടുപിടിച്ചതിനായിരുന്നു നീഷേ മതങ്ങളെ വിമർശിച്ചിരുന്നത്. എന്നാൽ 'എവിടെ കിട്ടും പാപം' എന്നാണ് ഇന്നു ചില മാധ്യമങ്ങൾ അന്വേഷിക്കുന്നത് "നിങ്ങളുടെ പാപം ഞങ്ങൾക്കു വേണം. ഒരിക്കൽ കൂടിയായാൽ കൂടുതൽ കൊള്ളാം" എന്നു പറയാതെ പറയുകയാണ്. സമുദായമനുസരിച്ച് പാപത്തിന് മാർക്കറ്റ് മൂല്യവും നിശ്ചയിച്ചിട്ടുണ്ട്. മൂല്യമുണ്ടെങ്കിലും തമസ്കരിക്കപ്പെടേണ്ട പാപങ്ങളും സമുദായങ്ങളുമുണ്ട്. മനഃപൂർവ്വമുള്ള തമസ്കരണങ്ങളും ഭംഗിയായി നടപ്പിലാക്കുന്നതിന് എത്രയോ ദൃഷ്ടാന്തങ്ങൾ. ചെകുത്താൻ ചത്തുപോയാൽ മനുഷ്യർ പാപം ചെയ്യാതെ തന്റെ പണിപോകുമല്ലോ എന്നു കരുതി വഴിയിൽ അവശനായികിടന്ന പിശാചിനെ പുരോഹിതൻ ആശുപത്രിയിലെത്തിക്കുന്ന ഒരു ഹാസ്യഭാവനയുണ്ട്. ഇന്നത്തെ മാധ്യമാവസ്ഥയുടെ അതിജീവനതന്ത്രത്തിന്റെ ഒരു നേർക്കാഴ്ച ഈ ഹാസ്യത്തിൽ കാണാം. നിഷേധാത്മകതയിൽ അഭിരമിക്കുന്ന മാധ്യമശൈലി 'കറുത്ത കുർബാന'യുടെ അംഗീകൃതപതിപ്പായി വേണം കണക്കാക്കപ്പെടുവാൻ. സാമുദായിക വിദ്വേഷമോ സെൻസേഷണലിസത്തോടുള്ള സ്വാഭാവിക ആഭിമുഖ്യമോ ആണ് ഈ നിഷേധാത്മകതയോടുള്ള പ്രതിപത്തിക്ക് കാരണം എന്ന് ചിന്തിച്ചാൽ പൂർണ്ണമായും ശരിയാവില്ല! ഗുപ്തവും ഗോപ്യവുമായതിനെ മാധ്യമധർമ്മങ്ങളായ പ്രവാചകത്വത്തിന്റെയും പുരോഗമന ചിന്തയുടേയും പ്രഛന്നവേഷമണിയിച്ച് വില്ക്കാൻ വച്ചിരിക്കുന്ന കച്ചവടതന്ത്രം തന്നെയാണ് സെൻസേഷണലിസം. നഗ്നതാ വ്യവസായങ്ങളിലുള്ള വന്യമായ സത്യസന്ധതപോലും ഈ സെൻസേഷണലിസത്തിന്റെ കച്ചവടത്തിന് അവകാശപ്പെടാനില്ല. മത്സരാധിഷ്ഠിത റേറ്റിംഗ് കമ്പോളത്തിൽ ഇടിച്ചുകയറുവാനുള്ള ഉത്തേജകമരുന്നാണ് നിഷേധാത്മകത. മാധ്യമസ്വതന്ത്ര്യത്തിന്റെ ചട്ടക്കൂട്ടിൽ ഡോപ്പിംഗ് ടെസ്റ്റുകൾ ഇല്ലാത്തതിനാൽ മരുന്നടി വീരന്മാർ പിടിക്കപ്പെടുന്നില്ല എന്നേ ഉള്ളു. സമുദായങ്ങളുടെ പാപങ്ങൾക്ക് വിലകൂട്ടി വിളിച്ച മാധ്യമങ്ങൾക്കൊക്കെ സമാകാലീന വിവാദങ്ങളിലൂടെ റേറ്റിംഗിൽ വൻ നേട്ടം കൈവരിക്കാനായിട്ടുണ്ടത്രേ.

മാധ്യമരംഗത്തെ ബിറ്റ്കോയിനായ നിഷേധാത്മകത സംഘമായി ഖനനം ചെയ്യപ്പെടുമ്പോൾ ബലിയാടുകളാകുന്ന ഒത്തിരിപ്പേരുണ്ട്. "നീതിക്കുവേണ്ടി വിശപ്പും ദാഹവുമനുഭവിക്കുന്ന ഭാഗ്യവാന്മാർ" ഒത്തിരിപ്പേരെ സൃഷ്ടിക്കുന്നത് നീതിയുടെ ജിഹ്വകളായ മാധ്യമങ്ങൾ തന്നെയാണ്. ചാരക്കേസിൽ നമ്പിനാരായണന് എങ്ങിനെ നീതി നല്കും എന്ന് ചിന്തിച്ച് പരമോന്നത കോടതി തന്നെ കുഴങ്ങുന്നത് രാജ്യം കണ്ടതാണ്. അഭയക്കേസിലെ ഫാ. പൂതൃക്കയലിനെ വിചാരണക്കു മുന്നേകോടതി കുറ്റവിമുക്തനാക്കിയപ്പോൾ എന്റെ പിഴ ചൊല്ലേണ്ടിയിരുന്ന പല മാധ്യമങ്ങളും ഇര നഷ്ടപ്പെട്ട വേട്ടക്കാരന്റെ ഇച്ഛാംഭംഗമാണ് പ്രകടിപ്പിച്ചത്. "ആയുസ്സിന്റെ നല്ല കാലം തെറ്റിദ്ധാരണയുടെ നിഴലിൽ ജീവിച്ചു. എന്നാലും ഇനിയുമൊരു ജന്മമുണ്ടെങ്കിൽ വൈദികനാകാനാണ് ആഗ്രഹം" എന്ന് അദ്ദേഹം പറയുന്നത് അനിതരസാധാരണമായ ഒറ്റയാൻ ധൈര്യപ്രകടനമാണ്. ഇരുളിന് കീഴടക്കാനാകാത്ത വെളിച്ചമാണ് ഈ ആദർശ'ധാർഷ്ട്യം'. മറിയക്കുട്ടിക്കേസിലെ ഫാ. ബെനഡിക്റ്റ് ഓണംകുളം അവശേഷിപ്പിക്കുന്ന ചോദ്യങ്ങൾ മാധ്യമധാർമ്മികതക്ക് മുന്നിൽ ശേഷക്രിയകൾ ചെയ്യപ്പെടാതെയും ഏറ്റുവാങ്ങാൻ ആളില്ലാതെയും ഇനിയും ബാക്കിനില്ക്കുന്നു.

## നീതിയുടെ ധ്വംസനങ്ങൾ

തവളയുടെ ജീവശാസ്ത്രം പഠിക്കുവാൻ ശാസ്ത്രജ്ഞൻ ആദ്യമെ തവളയുടെ ജീവൻ കളയും എന്ന് പിശാച് ഗോഥേയുടെ ഫോസ്റ്റിനോട് പറയുന്നതുപോലെ "നീതിസമരങ്ങൾ" നീതിയുടെ ധ്വംസനത്തിലാണ് കലാശിക്കുന്നതെങ്കിൽ അത് നീതിക്കുവേണ്ടിയുള്ള ദിശ തെറ്റിയ സമരങ്ങൾ തന്നെ. നീതിസമരമെന്ന മാധ്യമധർമ്മം നിർവ്വഹിക്കുവാൻ അപ്രതിഹതമായ ആത്മശുദ്ധിയുള്ള പ്രവാചകന്മാർ വേണം. വെളിച്ചമില്ലാതെ വെളിച്ചപ്പാടുകൾ സമൂഹത്തിന്റെ ഇരുളുകളിലേക്ക് ഇരുളിനെ വിളമ്പുകയേ ഉള്ളു.

വിമർശനങ്ങൾ ക്രിസ്തീയസമൂഹത്തിന് പുത്തരിയല്ല. സാംസ്കാരിക പ്രഭൃതികളുടെ ക്രിയാത്മക വിമർശനങ്ങൾ സഭയ്ക്ക് ധാരാളം ഗൃഹപാഠങ്ങൾ നല്കിയിട്ടുണ്ട്. ആർ.എസ്.എസ്സിന്റെ തീവ്രവാദത്തിന്റെ നാളുകളിൽ അരുൺ ഷൂറിയെപ്പോലുള്ള വിമർശകരെ വിമർശനത്തിനായിത്തന്നെ മെത്രാൻ സമിതി ക്ഷണിച്ചിട്ടുണ്ട്. നിരീശ്വരവാദിയെ സംവാദത്തിനായി രണ്ടു പ്രാവശ്യവും വത്തിക്കാനിലേക്ക് ക്ഷണിച്ചത് ഫ്രാൻസീസ് പാപ്പ നേരിട്ടാണ്. ജനാധിപത്യത്തിന്റെ കാവൽ ഭടന്മാരും സാമൂഹിക നവോത്ഥാനങ്ങളുടെ പ്രവാചകന്മാരുമായി മാധ്യമങ്ങൾ വർത്തിക്കണമെന്നത് ക്രിസ്തീയ തത്വസംഹിതയിലെ ലിഖിത പ്രമാണം തന്നെയാണ്. തിരുത്തപ്പെടുന്നു എന്നതിനേക്കാൾ നിന്ദിക്കപ്പെടുന്നു എന്ന് ഒരു സമൂഹത്തിന് തോന്നും വിധം നിഷ്കളങ്കമായ അക്ഷരങ്ങൾ കോലം തുള്ളുമ്പോൾ അതിനു പിന്നിൽ അത്ര നിഷ്കളങ്കമല്ലാത്ത പ്രവാചകരാണുള്ളത് എന്ന് തിരിച്ചറിയാൻ വലിയ ഗവേഷണം ആവശ്യമില്ല.

സമൂഹത്തിന്റെ മ്ലേച്ഛതകളെ അമൂല്യമായി ചില മാധ്യമങ്ങൾ വച്ചു വിളമ്പുമ്പോൾ വായിക്കുന്നവർ അതിൽ നിന്നും എടുക്കുന്നത് ഒരു ഗുപ്തരതിയുടെ ഗൂഢസന്തോഷം മാത്രമല്ല, വിളിച്ചു പറയുന്നവന്റെ അനാവരണം ചെയ്യപ്പെടുന്ന നഗ്നതയിലുള്ള ക്രൂഢസുഖം കൂടിയാണ്. അക്ഷരങ്ങളിൽ വെളിപ്പെടുത്തുന്നതിനേക്കാൾ എഴുത്തുകാരൻ ഒളിപ്പിക്കുന്നതാണല്ലോ വരികൾക്കിടയിലെ വായന. ''ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ രസം" എന്ന പഴമൊഴിയെ അന്വർത്ഥമാക്കുമാറ് ഉടഞ്ഞു തകരുന്ന മാധ്യമവിഗ്രഹങ്ങളിൽ പ്രേക്ഷകനനുഭവിക്കുന്ന വന്യസുഖങ്ങളിന്മേൽ കൂടിയാണ് റേറ്റിംഗിന്റെ ഗ്രാഫ് കുതിച്ചുയരുന്നത്. വ്യാഖ്യാനിച്ച് നിർമ്മിക്കുന്ന വാർത്തകൾ മാധ്യമങ്ങളുടെ അപകീർത്തിയുടെ ദൃഷ്ടാന്തങ്ങളാകുന്നു. കേരളം സ്വന്തം അമ്മയായി ഹൃദയത്തോട് ചേർത്തു പിടിച്ചിരുന്ന 'മാതാവും' 'ഭൂമിയും' പേരിൽ കലരുന്ന ഒരു പ്രസ്ഥാനത്തെ ഇന്ന് ചിലപ്പോഴെങ്കിലും "ആരാന്റെ അമ്മയായിക്കണ്ട്" കേരളം 'രസി'ക്കുന്ന സാഹചര്യം ദുഃഖകരമാണ്.

സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും തീയുടെയും വെളിച്ചം അസ്തമിച്ചു കഴിയുമ്പോൾ മനുഷ്യന്റെ വെളിച്ചം എന്താണ് എന്ന് ബൃഹദാരണ്യക ഉപനിഷത്ത് പറഞ്ഞു തരുന്നുണ്ട്. അത് അക്ഷരങ്ങളുടെ, വാക്കിന്റെ, ശബ്ദത്തിന്റെ വെളിച്ചമാണ്. ഗുരുവിന്റെ ശബ്ദം! ഗുരുവിനെയാകട്ടെ കുഞ്ഞിനെ ഗർഭം ധരിക്കുന്ന അമ്മയോടാണ് വേദങ്ങൾ ഉപമിച്ചിരിക്കുന്നത്. മാതൃ മൊഴിയുടെ ശാലീനതയും കരുതലും തിരുത്തലുമൊക്കെയാണ് അക്ഷരങ്ങളിലെ പ്രവാചകത്വത്തിന്റെ ആജ്ഞാശക്തി. "മാതാവി"ൽ ആരംഭിച്ച് "ഭൂമി"യോളം വളരുന്നതാവണം മാധ്യമങ്ങളുടെ ഔന്നത്യം. അതുകൊണ്ടു തന്നെ എല്ലാ മാധ്യമങ്ങളുടെയും പേര് മാതൃഭൂമി എന്നു തന്നെയായിരിക്കണം. മാതൃഭൂമി എന്നതിലും ശ്രേയസ്കരമായ ഒരു പേര് ഒരു മാധ്യമത്തിനും നല്കുവാനില്ല. കേരളത്തിന്റെ മാനവികതക്കും സഹവർത്തിത്വത്തിനും മാതൃസ്പർശം നല്കിയിരുന്നതും ഒരു മാതൃഭൂമിയാണ്. ചൈനീസ് തത്വചിന്തയായ ടാവോയിസത്തിൽ ഒത്തിരി ഭയപ്പെടുത്തുന്ന ഒരു തത്വമുണ്ട്. ഇരുളും വെളിച്ചവും പോലെ ടാവോയിസത്തിലെ രണ്ടു വിരുദ്ധ തത്വങ്ങളാണ് 'യിൻ' ഉം 'യാംഗ്' ഉം. ഇതിൽ 'യിൻ' ഒരു പ്രത്യേകദിശയിലെത്തുമ്പോൾ 'യാംഗ്' വഴിമാറിക്കൊടുക്കുമത്രേ. എന്നു വച്ചാൽ വെളിച്ചം തനിയെ ഇരുളായിപ്പോകുമത്രേ. ഈ ഭയപ്പാടിന് ഇന്ന് നമുക്ക് കാരണമുണ്ടെന്ന് തോന്നുന്നു. "മാതാവും" "ഭൂമി"യുമൊക്കെ മൂട്ടയും ചിതൽപ്പുറ്റും പോലെ ചുരുങ്ങിപ്പോകുന്നുവോ എന്ന ഭയം. വിളക്കുമരങ്ങൾ തന്നെ ഇരുളിനെ പരത്തുന്നുവോ എന്ന ഭയം. നിന്നിലെ വെളിച്ചം തന്നെ അന്ധകാരമായാൽ ആ അന്ധകാരം എത്ര വലുതായിരിക്കും (മത്താ. 6:23)!

# ദുരുദ്ദേശ്യപരമായ മാധ്യമ വിചാരണ പ്രതിഷേധാർഹം




**കേരള കാത്തലിക് ഫെഡറേഷൻ (KCF)**

**കൊച്ചി:** കഴിഞ്ഞ ഏതാനും മാസങ്ങളായി കേരളത്തിലെ ക്രൈസ്തവ സഭയെയും സഭാപിതാക്കന്മാരെയും അവഹേളിക്കുന്നതിനും, സ്വഭാവഹത്യ നടത്തുന്നതിനും മാധ്യമങ്ങളെ കൂട്ടുപിടിച്ച് ചിലർ നടത്തിക്കൊണ്ടിരിക്കുന്ന കുത്സിത പ്രവർത്തനങ്ങളെ കേരള കത്തോലിക്കാ അല്മായ നേതൃസമ്മേളനം ശക്തിയായി അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു. ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവത്ക്കരിച്ചും, തെറ്റിദ്ധാരണയുണ്ടാക്കുംവിധം പർവതീകരിച്ചും, വസ്തുക്കളുടെയോ തെളിവുകളുടെയോ പിൻബലമില്ലാത്ത, അവാസ്തവ പ്രസ്താവനകളിലൂടെ അടിസ്ഥാനരഹിത ആരോപണങ്ങൾ ഉന്നയിച്ചും സഭയെയും സഭാധികാരികളെയും പൊതുജനമധ്യത്തിൽ അപഹാസ്യരാക്കുന്നവർ സഭാവിരോധികൾ തന്നെയാണ്. അത്തരം പ്രസ്താവനകൾക്കും ആരോപണങ്ങൾക്കും ബാഹ്യസമ്മർദങ്ങൾ മൂലമോ സാമ്പത്തികവും അല്ലാതെയുള്ള പ്രലോഭനങ്ങൾ മൂലമോ പ്രചരണം നല്കുന്ന മാധ്യമങ്ങൾ, മാധ്യമസ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുകയാണ്. സെൻസേഷനുണ്ടാക്കാനോ, റേറ്റിംഗ് കൂട്ടാനോ മാധ്യമങ്ങൾ അസത്യങ്ങൾക്കും അടിസ്ഥാനരഹിതമായ ആരോപണങ്ങൾക്കും പ്രചരണം നല്കുന്നത് നിയമവിരുദ്ധവും അനീതിപരവുമാണ്. തങ്ങൾക്കു താത്പര്യമുള്ള ചിലരുടെ അഭിപ്രായങ്ങൾ കത്തോലിക്കാസഭയിലെ പൊതുസമൂഹത്തിന്റെ അഭി

പ്രായവും നിലപാടുമായി അവതരിപ്പിക്കുന്ന മാധ്യമങ്ങൾ മാധ്യമധർമം ലംഘിക്കുകയാണ്. സഭാനേതൃത്വവുമായി പല കാരണങ്ങളാൽ ഇടഞ്ഞു നില്ക്കുന്നവരും ഇപ്പോൾ സഭയിൽ ഔദ്യോഗികസ്ഥാനങ്ങളൊന്നുമില്ലാത്തവരുമായവരെ ആ സഭയുടെ പ്രതിനിധികളെന്ന നിലയിൽ ചാനൽ ചർച്ചയിലും മറ്റും പങ്കെടുപ്പിച്ച് സഭാനേതൃത്വത്തിനെതിരെ പ്രചരണം നടത്തുന്നത് മാധ്യമധർമമല്ല. സഭാനേതൃത്വത്തിനെതിരെ വിഷം തുപ്പുന്ന അത്തരം സഭാംഗങ്ങൾ വ്യക്തി വിരോധം തീർക്കാനും മോഹഭംഗങ്ങൾ മൂലം പ്രതികാരം ചെയ്യാനും ശ്രമിക്കുകയാണെന്നു വിവേകമുള്ള സമുദായാംഗങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അന്വേഷണത്തിലോ വിചാരണയിലോ ഇരിക്കുന്ന കേസുകളെക്കുറിച്ച് നിക്ഷിപ്ത താത്പര്യമുള്ളവരെക്കൊണ്ട്, മുൻവിധിയോടെ അഭിപ്രായം പറയിച്ച് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്നതിനും, നീതിനിർവഹണത്തെ തടസ്സപ്പെടുത്തുന്നതിനും നടത്തുന്ന മാധ്യമവിചാരണ പ്രതിഷേധാർഹവും അപലപനീയവുമാണ്. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് തെളിയിക്കപ്പെടട്ടെ, കോടതി കുറ്റം ചെയ്തവർക്കു ശിക്ഷ നല്കട്ടെ. അന്വേഷകന്റെയും ന്യായാധിപന്റെയും റോൾ ഏറ്റെടുക്കാൻ മാധ്യമങ്ങൾക്ക് അവകാശവും അധികാരവും ഇല്ല. സഭയുടെ മേലുള്ള ചില മാധ്യമങ്ങളുടെ അന്യായമായ കടന്നുകയറ്റം ഇനിയും നിസ്സഹായരായി നോക്കി നില്ക്കുകയില്ല. സമൂഹത്തിനു വിവിധ മേഖലകളിൽ മികച്ച സേവനം നല്കിയിട്ടുള്ള, നല്കിക്കൊണ്ടിരിക്കുന്ന കത്തോലിക്കാ സഭയെ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ ചില മാധ്യമങ്ങൾ വളഞ്ഞിട്ടാക്രമിക്കുന്നത് എന്തുകൊണ്ടാണെന്നു സമുദായാംഗങ്ങളും പൊതുസമൂഹവും ചിന്തിക്കുകയും ഉചിതമായി പ്രതികരിക്കുകയും ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

# വർധിച്ചുവരുന്ന അസഹിഷ്ണുത ആശങ്കാജനകം
## കെസിബിസി

**കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ പത്രക്കുറിപ്പ്**

സമൂഹത്തിൽ അസഹിഷ്ണുതയും അക്രമപ്രവണതയും വർധിച്ചുവരുന്നത് ആശങ്കാജനകമാണ്. മനുഷ്യജീവനോടും വ്യക്തികളുടെ ഭരണഘടനാപരമായ അവകാശങ്ങളോടുമുള്ള ആദരം അടിക്കടി കുറഞ്ഞുവരുന്നത് കേരളസമൂഹത്തിൽ പ്രതിസന്ധിയുണ്ടാക്കും. കോർപ്പറേറ്റു താത്പര്യങ്ങളുടെയും അധികാര രാഷ്ട്രീയത്തിന്റെയും ആരോഗ്യകരമല്ലാത്ത പ്രവണതകൾ ന്യൂനപക്ഷങ്ങളുടെയും സമൂഹത്തിലെ മറ്റു ദുർബല വിഭാഗങ്ങളുടെയും ജീവിതവും വളർച്ചയും പ്രതിസന്ധിയിലാക്കുന്നുണ്ട്. ഭരണഘടന ഉറപ്പുനല്കുന്ന തുല്യഅന്തസ്സും തുല്യഅവകാശങ്ങളും തുല്യനീതിയും ഓരോ പൗരനും, എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പു നല്കുന്നതിൽ സർക്കാരും ഭരണഘടനാ സ്ഥാപനങ്ങളും കൂടുതൽ ജാഗ്രത പുലർത്തണം.

സ്ത്രീകളോടും കുട്ടികളോടുമുള്ള മനോഭാവത്തിലും പെരുമാറ്റത്തിലും കേരള സമൂഹം പുലർത്തിവന്ന അന്തസ്സും ആദരവും നഷ്ടപ്പെടാതിരിക്കാൻ നിയമപാലകരും സമൂഹവും കൂടുതൽ ശ്രദ്ധവയ്ക്കണം.

രാഷ്ട്രീയ അധികാരത്തിലേക്കുള്ള എളുപ്പ വഴിയായി വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിദ്വേഷവും അനാവശ്യ ഭയാശങ്കകളും സൃഷ്ടിക്കുന്നതും ധ്രുവീകരണം നടത്തുന്നതും ഏറ്റം അപകടകരമാണ്. ഇത്തരം പ്രവണതകൾക്കെതിരേ പ്രബുദ്ധരായ രാഷ്ട്രീയ സാമുദായിക നേതാക്കൾ മുന്നോട്ടുവരണം. ഭരണഘടന ഉറപ്പുനല്കുന്ന സെക്കുലർ ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാൻ ഓരോരുത്തരും ഉണർന്നു പ്രവർത്തിക്കണം.

**ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം**

രാജ്യത്തിന്റെ അടിസ്ഥാനസ്വഭാവത്തെ നിർണയിക്കുകയും നിർവചിക്കുകയും ചെയ്യുന്ന ഭരണഘടനാവകുപ്പുകൾ അന്യൂനം സംരക്ഷിക്കപ്പെടണം. അവയ്ക്കു നേരെ ഉയരുന്ന ഭീഷണികൾ രാഷ്ട്രത്തിന്റെ നിലനില്പിനുനേരെയുള്ള ഭീഷണിയായിക്കരുതി നിലപാടെടുക്കണം. ഭരണഘടനാമൂല്യങ്ങൾ അഭംഗുരം സംരക്ഷിക്കപ്പെടാനായി ഭരണഘടനയെയും രാജ്യത്തിന്റെ മഹത്തായ പൈതൃകങ്ങളെയും അടുത്തറിയാനും സ്നേഹിക്കാനും സംരക്ഷിക്കാനും പുതുതലമുറയ്ക്ക് പരിശീലനം ലഭിക്കണം. "ഭരണഘടനാസാക്ഷരത" *(Constitutional Literacy)* വിദ്യാഭ്യാസ പദ്ധതിയുടെയും സ്വഭാവ രൂപീകരണ പ്രകിയയുടെയും ഭാഗമാകണം. സ്കൂൾ പാഠ്യപദ്ധതിയോടൊപ്പം സന്മാർഗശാസ്ത്രപരിശീലനത്തിന്റെ ഭാഗമായും ഇതിനുള്ള ക്രമീകരണങ്ങൾ എല്ലാ ക്രിസ്തീയ വിദ്യാലയങ്ങളിലുമുണ്ടാകണം.

വിദ്യാഭ്യാസമേഖലയിൽ നിലനില്ക്കുന്ന അധ്യാപക നിയമന സംബന്ധമായ അനിശ്ചിതത്വം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായ ഗവർമെന്റ് അർഹമായ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മാനേജർമാർ നിരന്തരം കോടതിയെ സമീപിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണം.

ഓരോ പ്രദേശത്തിന്റെയും ജനവിഭാഗങ്ങളുടെയും സാംസ്കാരിക വൈവിധ്യങ്ങളും ജീവിതരീ

തിയും മാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം.

സഭയിലെ വിശ്വാസ പരിശീലനത്തോടൊപ്പം, രാജ്യത്തിന്റെ പൗരാണിക പാരമ്പര്യങ്ങളും മൂല്യങ്ങളും മനസ്സിലാക്കാനും സ്വാംശീകരിക്കാനും ക്രൈസ്തവർ ശ്രദ്ധവയ്ക്കണം. കുട്ടികളുടെയും മറ്റു ദുർബലവിഭാഗങ്ങളുടെയും സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും പ്രത്യേകം ശ്രദ്ധ നല്കണം.

സഭയുടെ എല്ലാ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ പുലർത്തേണ്ട ജാഗ്രതയും പാലിക്കേണ്ട കരുതലുകളും നടപടിക്രമങ്ങളും സംബന്ധിച്ച് കെസിബിസി മാർഗരേഖ പുറപ്പെടുവിച്ചു.

ഓഖി ദുരിതാശ്വാസ-പുനരധിവാസ പദ്ധതികളുടെ നടത്തിപ്പ് യോഗം അവലോകനം ചെയ്തു. സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നത് ആശ്വാസകരമാണ്. സഭയുടെ ഭാഗത്തുനിന്നുള്ള പദ്ധതികളുടെ നടത്തിപ്പും ഏകോപനവും യോഗം വിലയിരുത്തി.

**തീരദേശജനതയുടെ സുരക്ഷ ഉറപ്പാക്കണം**

തീരദേശജനതയുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്ഥിരസംവിധാനങ്ങൾ ആവിഷ്കരിക്കാൻ സർക്കാർ താത്പര്യം കാണിക്കണം. സമുദായ ഐക്യവും മതസൗഹാർദവും വളർത്തുന്നതിന് പ്രാദേശികതലത്തിൽ മുൻകൈയെടുക്കാൻ ഇടവകസമൂഹങ്ങൾ മുന്നോട്ടുവരണം.

ഇതരസംസ്ഥാന തൊഴിലാളികളുടെ മനുഷ്യാവകാശവും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന നിയമനിർമാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരും ജനപ്രതിനിധികളും മുന്നോട്ടുവരണം. ഇതരസംസ്ഥാന തൊഴിലാളികളുടെ മനുഷ്യാവകാശങ്ങളും പൗരാവകാശങ്ങളും സംരക്ഷിക്കുന്നതിന് പ്രാദേശിക തലത്തിൽ വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ കത്തോലിക്കാരൂപതകൾക്ക് നിർദേശം നല്കിയിട്ടുണ്ട്. കേരളത്തിനു വെളിയിൽ പ്രവൃത്തി പരിചയമുള്ള വൈദികരുടെയും സന്ന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും സേവനം ഇക്കാര്യങ്ങളിൽ ലഭ്യമാക്കുന്നതിന് കത്തോലിക്കാസഭ നടപടികൾ സ്വീകരിക്കുന്നതാണ്.

വിജയപുരം രൂപതാംഗമായ കെവിൻ ജോസഫിന്റെ കൊലപാതകത്തേയും അതു സംഭവിക്കാനിടയാക്കിയ പോലീസ് അനാസ്ഥയേയും കെസിബിസി ശക്തമായി അപലപിക്കുന്നു. കെവിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുകയും നാടെങ്ങും വർധിച്ചുവരുന്ന ദലിത് പീഡനങ്ങളിൽ ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും ചെയ്യുന്നു. യഥാർഥ കുറ്റവാളികളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് സിബിഐ അന്വേഷണം ആവശ്യപ്പെടുന്നു.

**തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണം**

ചീന്തലാർ - പശുപ്പാറ, പൊന്മുടി മേഖലകളിലെ തേയിലത്തോട്ടങ്ങൾ ഉടമസ്ഥർ ഉപേക്ഷിച്ചുപോയതുമൂലം സംജാതമായ പ്രതിസന്ധി ഏകദേശം രണ്ടു പതിറ്റാണ്ടായിട്ടും പരിഹരിക്കപ്പെടാതെ തുടരുകയാണ്. മാറി മാറി ഭരിച്ച സർക്കാരുകൾ താല്ക്കാലികമായി നല്കിയ ചില ആശ്വാസനടപടികളും ഇപ്പോൾ ഏതാണ്ട് നിലച്ച മട്ടാണ്. കുട്ടികളുടെ വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനാകാതെ മാതാപിതാക്കൾ വിഷമിക്കുന്നു. ആരോഗ്യശുശ്രൂഷാകേന്ദ്രങ്ങൾ തോട്ടം മേഖലയിൽ തീർത്തും അന്യമാണ്.

സ്ഥിതി വഷളായി കൂടുതൽ ഗുരുതരമായ സാമൂഹികപ്രശ്നങ്ങളും ആത്മഹത്യകളും ഉണ്ടാകുന്നതിനുമുമ്പ് പ്രശ്നങ്ങളുടെ ശാശ്വതപരിഹാരത്തിനായി സർക്കാരിന്റെ സത്വരശ്രദ്ധയും ക്രിയാത്മകനടപടികളും ഉണ്ടാകണം. കാർഷികമേഖലയിലെ പ്രതിസന്ധിയിലേക്ക് സർക്കാരിന്റെ അടിയന്തരശ്രദ്ധ പതിയണം. നിപ്പ വൈറസ് മൂലമുള്ള പകർച്ചപ്പനി നിയന്ത്രണവിധേയമായെങ്കിലും ഇക്കാര്യത്തിൽ സർക്കാരിന്റെയും സമൂഹത്തിന്റെയും ജാഗ്രത തുടർന്നുമുണ്ടാകണം.

# സഭയ്ക്കുള്ളിലും സമൂഹത്തിലും വൈവിധ്യം നിഷേധിക്കപ്പെടുമ്പോൾ ഐക്യം ദുർബലമാകും

ബിഷപ് തിയഡോർ മസ്കരനാസ് (സിബിസിഐ സെക്രട്ടറി ജനറൽ)



**കൊച്ചി:** സഭയ്ക്കുള്ളിലും സമൂഹത്തിലും വൈവിധ്യം നിഷേധിക്കപ്പെടുമ്പോൾ ഐക്യം ദുർബലമാകുമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ സെക്രട്ടറി ജനറൽ ബിഷപ് തിയഡോർ മസ്കരനാസ് അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരളത്തിലെ സന്ന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും സംയുക്ത സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വൈവിധ്യങ്ങളിലെ ഏകത്വം മനോഭാവമാറ്റത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള കത്തോ

ലിക്കാ മെത്രാൻ സമിതി പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്തയുമായ സൂസൈപാക്യം പ്രസ്താവിച്ചു. കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി.യിൽ വച്ചു നടന്ന സംയുക്തസമ്മേളനത്തിൽ കെസിബിസി വൈസ് പ്രസിഡന്റും റിലീജിയസ് കമ്മീഷൻ ചെയർമാനുമായ യൂഹാനോൻ മാർ ക്രിസോസ്റ്റം അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷമുള്ള പാനൽ ചർച്ചയിൽ ജസ്റ്റീസ് സിറിയക് ജോസഫ്, ബിഷപ് മാർ ജോസഫ് പാംപ്ലാനി എന്നിവർ കേരള സാഹചര്യത്തെ വിലയിരുത്തി സംസാരിച്ചു. ഭാരതഭരണഘടന ഉറപ്പുനല്കുന്ന വൈവിധ്യങ്ങളുടെ മധ്യേയുള്ള ഭാരതത്തിന്റെ ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കപ്പെടണമെന്നും അതിന്റെ മനോഹാരിത രാജ്യത്തു നിലനിറുത്താൻ കുട്ടികളും യുവജനങ്ങളും പരിശീലിപ്പിക്കപ്പെടണമെന്നും ചർച്ചയിൽ വ്യക്തമാക്കപ്പെട്ടു. കെസിഎംഎസ് പ്രസിഡന്റ് റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ, റവ. സി. ലിറ്റിൽഫ്ളവർ, റവ. ഫാ. സുനിൽ കല്ലറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. **(5/6/2018)**

# കാമ്പസ് രാഷ്ട്രീയം ഉയർത്തുന്ന ചോദ്യങ്ങൾ



**എ**റണാകുളം മഹാരാജാസ് കോളജിലെ രണ്ടാം വർഷ ബി.എസ്.സി വിദ്യാർഥിയും എസ്.എഫ്.ഐ. പ്രവർത്തകനുമായിരുന്ന അഭിമന്യുവിനെ ചുമരെഴുത്തുമായി ബന്ധപ്പെട്ട തർക്കങ്ങളുടെ പേരിലാണ് കൊലപ്പെടുത്തിയത്. മാധ്യമറിപ്പോർട്ടുകളും പോലീസ് ഭാഷ്യവുമനുസരിച്ച്, കാമ്പസ് ഫ്രണ്ടിന്റെയും എസ്.ഡി.പിഐയുടെയും പ്രവർത്തകരാണ് ഈ ആസൂത്രിത സംഘട്ടനത്തിനും കൊലപാതകത്തിനും പിന്നിൽ.

മഹാരാജാസ് കോളജിൽ പ്രിൻസിപ്പലിന്റെ കസേര കത്തിച്ചതിനെയും പാലക്കാട് വിക്ടോറിയ കോളജിൽ പ്രിൻസിപ്പലിന്റെ റിട്ടയർമെന്റ് ദിനത്തിൽ കുഴിമാടം ഒരുക്കിയതിനെയും കലാലയങ്ങളിൽ അതിക്രമിച്ചു കയറി തല്ലിത്തകർത്തതിനെയും മറ്റും ന്യായീകരിക്കുകയും മഹാരാജാസ് കോളജിന്റെ ഹോസ്റ്റലിൽനിന്ന് മാരകായുധങ്ങൾ പോലീസ് കണ്ടെടുത്തപ്പോൾ അത് പണിയായുധമാണെന്നു പറഞ്ഞ് നിസ്സാരവത്കരിക്കുകയും ചെയ്തവർ, ഈ ആസൂത്രിത കൊലപാതകത്തിൽ എന്തു വിശദീകരണമാവും നല്കുക?

കലാലയ രാഷ്ട്രീയം കേരളത്തിൽ ഒട്ടേറെ കുടുംബങ്ങൾക്കു തോരാക്കണ്ണീർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കൊലപാതകസംഭവം ഒരു കുടുംബത്തിന്റെയോ നാടിന്റെയോ കണ്ണീരിനുപരി, കാമ്പസുകളിലും സംഘടനകളിലും പൊതുസമൂഹത്തിലും ഭീതി ജനിപ്പിക്കുന്നുവെന്ന് മാത്രമല്ല ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു: കലാലയങ്ങളിൽപോലും വർഗീയഭീകരവാദികൾ ശക്തിപ്രാപിക്കുകയാണോ? എന്തിനാണ് അഭിമന്യുവിനെ ആസൂത്രിതമായി കൊലപ്പെടുത്തിയത്? ഒരു ചുവരെഴുത്തിന്റെ പേരിൽ ഉണ്ടായ പ്രശ്നത്തിന്റെ ഭാഗമായിമാത്രം ഈ കൊലപാതകത്തെ കാണുവാൻ കഴിയുമോ? മഹാരാജാസിലെ കക്ഷിരാഷ്ട്രീയ സംഘടനകൾ താത്കാലികമായിട്ടെങ്കിലും നിരോധിക്കുവാനുള്ള ധൈര്യം ബന്ധപ്പെട്ടവർ കാണിക്കാത്തത് എന്തുകൊണ്ട്?

"വർഗീയത തുലയട്ടെ" എന്ന അഭിമന്യുവിന്റെ ചുവരെഴുത്തിന്റെ അന്ത:സത്ത ഉൾക്കൊള്ളുവാൻ ഇനിയെങ്കിലും വിദ്യാർഥികളും സംഘടനാ നേതാക്കളും തയ്യാറാവണം. മത-രാഷ്ട്രീയവാദികൾ വിദ്യാർഥികളെ ഭിന്നിപ്പിക്കാൻ നടപ്പിലാക്കുന്ന വർഗീയ അജണ്ട വിദ്യാർഥികളും ബന്ധപ്പെട്ട അധികാരികളും തിരിച്ചറിയണം. കോളേജിലെ വിദ്യാർഥിരാഷ്ട്രീയം കക്ഷിരാഷ്ട്രീത്തിനുപരിയായി വർഗീയവാദികളുടെയും തീവ്രവാദസംഘടനകളുടെയും നിയന്ത്രണത്തിലാണോയെന്നു പരിശോധിക്കണം. തങ്ങളെ ബാധിച്ചിരിക്കുന്ന പ്രതിലോമ പ്രവണതകളെ തിരിച്ചറിഞ്ഞ് കുടഞ്ഞുകളയാൻ വിദ്യാർഥി സംഘടനകൾ സ്വമേധയാ തയ്യാറാവണം.

ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി മാറ്റണമെന്നു വാദിക്കുന്നവർക്കും അതിനുവേണ്ടി പ്രവർത്തിക്കുന്നവർക്കും വിവിധ സംഘടനകൾ രൂപീകരിച്ച് ഇന്ത്യയെ ഇസ്ലാമിക ശക്തികേന്ദ്രമാക്കി മാറ്റാൻ സംഘടിത ശ്രമങ്ങൾ നടത്തുന്നവർക്കും "വർഗീയത തുലയട്ടെ" യെന്ന അഭിമന്യുവിന്റെ ചുവരെഴുത്ത് ഒരു പാഠമായിരിക്കട്ടെ.

വർഗീയതക്കെതിരേ പോരാടാൻ മുന്നിട്ടിറങ്ങിയ ഒരു രക്തസാക്ഷിയായിമാത്രം അഭിമന്യു

വിനെ കണ്ടാൽ മതിയോ? കലാലയരാഷ്ട്രീയത്തിന്റെ, കക്ഷിരാഷ്ട്രീയത്തിന്റെ, അക്രമരാഷ്ട്രീയത്തിന്റെ, തീവ്രവാദരാഷ്ട്രീയത്തിന്റെ, വർഗീയരാഷ്ട്രീയത്തിന്റെ ഇരയായി അഭിമന്യുവിനെ കാണുവാൻ നാം എന്തിനു മടിക്കണം?

കലാലയരാഷ്ട്രീയം നിയമവിധേയമാക്കാനുള്ള ഓർഡിനൻസിന് കേരളസർക്കാർ തയ്യാറെടുക്കുകയാണ്. കലാലയരാഷ്ട്രീയത്തിന്റെ സമകാലിക സാഹചര്യങ്ങൾ മനസ്സിലാക്കി നിർണായകമായ ഈ നിയമനിർമ്മാണത്തിൽനിന്നു സർക്കാർ പിൻമാറണം. കാമ്പസുകളിലെ കക്ഷിരാഷ്ട്രീയം വർഗീയതയും ഭീകരതയും വളർത്തുകയും കൊലപാതകത്തിനും അക്രമത്തിനും കൂട്ടുനില്ക്കുകയും ചെയ്യുന്നെന്നു തെളിയിക്കുന്നതാണ് രാഷ്ട്രീയപ്രവർത്തനം സജീവമായുള്ള മഹാരാജാസ് കോളജിൽ നടന്ന നിഷ്ഠുരമായ ഈ കൊലപാതകം. കാമ്പസ്‌രാഷ്ട്രീയം നിറുത്തിയാൽ അഴിമതിയും വർഗീയതയും ലഹരിയും വർദ്ധിക്കുമെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. കക്ഷിരാഷ്ട്രീയ സംഘടനകൾക്ക് എങ്ങനെയാണ് കാമ്പസുകളെ സ്വതന്ത്രചിന്തകൾകൊണ്ട് സജീവമാക്കുവാൻ കഴിയുക? അവർ സർവാധിപത്യപ്രവണത വളർത്തുകയല്ലേ ചെയ്യുന്നത്?

ഇന്ന് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നത് തീർത്തും ദുഷ്കരമായിക്കൊണ്ടിരിക്കുന്നു. ന്യായമായ ശിക്ഷണത്തിനും ആരോഗ്യകരമായ നിയന്ത്രണങ്ങൾക്കും ഇന്ന് ആരും വില കല്പിക്കുന്നില്ല. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന സമരങ്ങളും അക്രമങ്ങളും അവസാനിപ്പിക്കാൻ അടിയന്തരനടപടി വേണമെന്ന ഹൈക്കോടതി ഉത്തരവ് സർക്കാർ അതീവ ഗൗരവത്തോടെ കാണണം.

## കാമ്പസിൽ ഇനിയൊരു ജീവൻ നഷ്ടപ്പെട്ടുകൂടാ: ഹൈക്കോടതി

### അഭിമന്യു വധം ഒറ്റപ്പെട്ട സംഭവമെന്ന സർക്കാർ വാദം കോടതി തള്ളി

**കൊച്ചി:** കാമ്പസ് രാഷ്ട്രീയത്തിന്റെ പേരിൽ ഇനിയൊരു ജീവൻ നഷ്ടപ്പെട്ടുകൂടെന്ന് ഹൈക്കോടതി. കാമ്പസ് രാഷ്ട്രീയം നിയന്ത്രിക്കണമെന്ന മുൻ കോടതി ഉത്തരവുകൾ നടപ്പാക്കാൻ നിർദേശിക്കണമെന്ന ഹർജി പരിഗണിക്കേയാണ് ഈ നിരീക്ഷണം. കാമ്പസ് രാഷ്ട്രീയം നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് മൂന്നാഴ്ചയ്ക്കകം അറിയിക്കാൻ കോടതി സർക്കാരിനോട് നിർദേശിച്ചു. **(മാതൃഭൂമി, 18/7/2018)**

# വായ്പ രണ്ടുലക്ഷം, കുടിശ്ശിക രണ്ടരക്കോടി രൂപ

### ജപ്തി ചെറുത്ത് ജനകീയ പ്രതിരോധം

ധനമേഖലയിലെ മൂലധനക്കൊള്ളക്കെതിരേയുള്ള ജനകീയ പ്രതിരോധത്തിന്റെ പ്രതീകമായി വളരുകയാണ് മാനാത്തുപാടത്തെ പ്രീതാഷാജി.




1933-ൽ രൂപമെടുത്ത റിക്കവറി ഓഫ് ഡെബ്റ്റ്സ് ഡ്യു ടു ബാങ്ക് ആൻഡ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് മുതൽ 2016-ൽ പ്രാബല്യത്തിൽ വന്ന ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റിസി കോഡ്



വരെ, ആഗോളികരണ നയങ്ങളെ പിൻപറ്റി രാജ്യത്ത് നടപ്പാക്കിയ ജനവിരുദ്ധനിയമങ്ങൾക്കെതിരേ ഏറ്റവും ശക്തവും തീവ്രവുമായ പ്രക്ഷോഭത്തിനാണ് 2018 ജൂലായ് 9-ാം തീയതി കേരളം സാക്ഷ്യവഹിച്ചത്.

യാദൃച്ഛികമെങ്കിലും പ്രീതയുടെ വസ്തു ബാങ്കിൽ പണയപ്പെടുത്തി മറ്റൊരാൾ വായ്പ യെടുത്തതും 1993-ൽ തന്നെയായിരുന്നു. അന്നെടുത്ത കേവലം രണ്ടുലക്ഷം രൂപയുടെ വായ്പ ഇപ്പോൾ രണ്ടുകോടി എഴുപതുലക്ഷം രൂപയോളം കുടിശ്ശിക യായി മാറിയെന്ന വാദമുയർത്തിയാണ് ബാങ്ക് ജപ്തി നടപടികളിലേക്കും തുടർന്ന് ലേലത്തിലേക്കും നീങ്ങിയത്. 1993-ൽ വായ്പ നല്കിയത് ലോർഡ് കൃഷ്ണാ ബാങ്കായിരുന്നു. ആ ബാങ്കാകട്ടെ 2007-ൽ സെഞ്ചുറിയൻ ബാങ്ക് ഓഫ് പഞ്ചാബിലും തുടർന്ന് 2008-ൽ എച്ച്.ഡി.എഫ്.സി. ബാങ്കിലും ലയിച്ചു.


സർഫാസി പോലുള്ള നിയമങ്ങൾ ഉയർത്തുന്ന അടിസ്ഥാനപരമായ ചില ഭരണ ഘടനാപ്രശ്നങ്ങളും മനുഷ്യവകാശത്തിനെതിരേ യുള്ള വെല്ലുവിളികളും അവഗണിക്കാൻ കഴിയില്ല. അതിക്രമങ്ങളെയും അനീതിയെയും ചോദ്യംചെയ്യാൻ ഭരണഘടന പൗരന് നല്കുന്ന അവകാശത്തെ ഈ നിയമങ്ങൾ പലപ്പോഴും ധ്വംസിക്കുന്നുണ്ട്. കോടതികളുടെ ഇടപെടലുകളില്ലാതെ വായ്പ ക്കാരുടെ ആസ്തികളിന്മേൽ ധനകാര്യ സ്ഥാപന ങ്ങൾക്ക് അവകാശം ഉറപ്പിക്കാൻ സഹായിക്കുക യാണല്ലോ സർഫാസി നിയമം ചെയ്യുന്നത്. വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തിനുള്ള ഏറ്റവും മൗലികമായ കാരണങ്ങൾ പോലും ആരെയും ബോധിപ്പിക്കാൻ ഈ നിയമങ്ങൾ വായ്പക്കാരന് അവസരം നല്കുന്നില്ല. ഈ പുതിയ നിയമങ്ങൾ നടപ്പാക്കിക്കഴിഞ്ഞപ്പോൾ ബാങ്കുകളിലെ കിട്ടാ ക്കടങ്ങളുടെ 65 ശതമാനവും കോർപ്പറേറ്റ് ഭീമന്മാരു ടേതായി എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട താണ്. അപ്പോൾ, കിട്ടാക്കടങ്ങൾ തിരിച്ചുപിടിക്കലാ യിരുന്നില്ല ഈ നിയമങ്ങളുടെയൊക്കെ യഥാർഥ ലക്ഷ്യം എന്ന സത്യമല്ലേ ഇപ്പോൾ പുറത്തുവരുന്നത്?

## കുടുംബങ്ങളെ വഴിയാധാരമാക്കുന്ന സർഫാസി നിയമം ഭേദഗതി ചെയ്യണം

**കേരള കാത്തലിക് ഫെഡറേഷൻ (KCF)**

2002-ലെ കേന്ദ്ര സർഫാസി നിയമത്തിലെ, നോട്ടീസില്ലാതെ ബാങ്ക് വായ്പ കുടിശ്ശികക്കാരന്റെയും, ജാമ്യക്കാരന്റെയും വസ്തുക്കൾ ജപ്തി ചെയ്യാമെന്നും, യാതൊരു ദാക്ഷിണ്യവും ഇല്ലാതെ വായ്പക്കാരന്റെ വസ്തുവകകൾ താമസിക്കുന്ന കെട്ടിടം ഉൾപ്പെടെ ജപ്തി ചെയ്യാമെന്നുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന് കേരള കത്തോലിക്കാ സഭയുടെ അല്മായ സംഘടനയായ കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. യാതൊരുവിധ അറിയിപ്പും ഇല്ലാതെ വായ്പ ജാമ്യക്കാരനായ ചേരാനല്ലൂർ സ്വദേശി ഷാജിയുടെ വീട് ഉൾപ്പെടെ ജപ്തി ചെയ്ത വീട് ഒഴിപ്പിക്കാൻ ബാങ്ക് അധികൃതർ സർവ്വസന്നാഹങ്ങളും നടത്തി. പാവപ്പെട്ടവരെ തെരുവിൽ ഇറക്കുന്ന ബാങ്കുകാരുടെ നടപടിയിൽ കെസിഎഫ് ശക്തിയായി പ്രതിഷേധിച്ചു. ബാങ്കുകാർ ജപ്തി നടപടികളുമായി മുന്നോട്ട് പോകുമ്പോൾ താമസിക്കുവാനുള്ള അവകാശം നിഷേധിച്ചുകൊണ്ട് വീടുകൾ ജപ്തി ചെയ്യുന്ന നടപടികളിൽ നിന്നും ബാങ്കുകാർ പിൻമാറണമെന്ന് യോഗം ആവശ്യപ്പെട്ടു. ജപ്തി നടപടികളിൽ നിന്നും താമസപ്പുരകൾ ഒഴിവാക്കുന്നതിനുള്ള നിയമഭേദഗതി 2002-ലെ സർഫാസി നിയമത്തിൽ വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് യോഗം ആവശ്യപ്പെട്ടു.

# മിഷനറീസ് ഓഫ് ചാരിറ്റിക്കെതിരേ കേന്ദ്രസർക്കാർ



കാരുണ്യത്തിന്റെ പ്രതീകമായി ലോകം കരുതുന്ന വിശുദ്ധ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി സന്ന്യാസിനീസമൂഹത്തിന്റെ റാഞ്ചി നിർമൽഹൃദയ് ഭവനത്തിലെ ഒരു കന്യാസ്ത്രീയെ അറസ്റ്റു ചെയ്തു ജയിലിലടച്ചിട്ടു രണ്ടാഴ്ച കഴിഞ്ഞു. ഇപ്പോഴിതാ ആ സന്ന്യാസിനീ സമൂഹത്തിന്റെതായി രാജ്യത്തുള്ള എല്ലാ ശിശു സംരക്ഷണ കേന്ദ്രങ്ങളിലും റെയ്ഡ് നടത്താൻ കേന്ദ്ര വനിത ശിശുക്ഷേമ മന്ത്രി മേനക ഗാന്ധി ഉത്തര വിട്ടിരിക്കുന്നു. ഈ സന്ന്യാസിനികൾ റാഞ്ചിയിൽ നടത്തുന്ന നിർമൽ ഹൃദയ് അഭയകേന്ദ്രത്തിൽനിന്നു പിഞ്ചുകുട്ടിയെ വിറ്റുവെന്ന കുറ്റം ചുമത്തിയാണ് കന്യാസ്ത്രീയെയും ജീവനക്കാരിയെയും പോലീസ് അറസ്റ്റ് ചെയ്തത്. ഇവരെ പോലീസ് നിർബന്ധിച്ച് കുറ്റസമ്മതമൊഴി ശേഖരിച്ചതായും ആരോപണമുണ്ട്.

മിഷനറീസ് ഓഫ് ചാരിറ്റിയെ അപകീർത്തിപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമമാണു നടക്കുന്നതെന്നു പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞു. എതെങ്കിലും വ്യക്തി എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടു കാണിച്ചിട്ടുണ്ടെങ്കിൽ ആ വ്യക്തിക്കെതിരേ നടപടി യെടുക്കണമെന്നും അതിന്റെ പേരിൽ മിഷനറീസ് ഓഫ് ചാരിറ്റി എന്ന പ്രസ്ഥാനത്തെ താറടിക്കരുതെന്നും മമത പറഞ്ഞു. ഇപ്പോൾ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റകൃത്യത്തിൽ ഒരു സന്ന്യാസിനിക്കും പങ്കില്ലെന്ന് ബിഷപ്പ് ഡോ. തിയഡോർ മസ്ക്രീനാസ് വിശദീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ നടന്ന റെയ്ഡുകളെ അദ്ദേഹം അപലപിച്ചു. റാഞ്ചിയിലെ നിർമൽഹൃദയിൽ നടന്ന കാര്യങ്ങൾ സംബന്ധിച്ചു മിഷനറീസ് ഓഫ് ചാരിറ്റിക്കുവേണ്ടി സുപ്പീരിയർ ജനറൽ സിസ്റ്റർ പ്രേമ പത്രക്കുറിപ്പ് പുറപ്പെടു വിച്ചിട്ടുണ്ട്.

അഗതികൾക്കും അനാഥർക്കും ആരും ശുശ്രൂഷിക്കാനില്ലാത്ത രോഗികൾക്കുംവേണ്ടി ജീവിതം മുഴുവനായി സമർപ്പിച്ച വിശുദ്ധ മദർ തെരേസയെയും മദർ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയെയും അവഹേളിക്കാനും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചു തെറ്റിദ്ധാരണകൾ സൃഷ്ടിക്കാനും നടത്തുന്ന ശ്രമങ്ങൾ അതീവ ഹീനവും തികഞ്ഞ ദുരുദ്ദേശ്യത്തോടെയുള്ളതുമാണ്.

## ബാലവേല ഇന്ത്യയിൽ

### കുട്ടികൾക്കെതിരായ ചൂഷണം പെരുകുന്നു

ആഫ്രിക്കയ്ക്ക് ശേഷം ഏറ്റവും ഉയർന്ന ബാലവേല ഇന്ത്യയിലാണ്. യൂണിസെഫ് റിപ്പോർട്ട് പ്രകാരം ആഗോള തലത്തിൽ അഞ്ചു മുതൽ 17 വയസുവരെയുള്ള 15.2 കോടി കുട്ടികൾ അസംഘടിത മേഖലയിൽ ബാലവേലയിൽ ഏർപ്പെടുന്നു. അതുപോലെ 2012 മുതൽ 2017 വരെയുള്ള കാലയളവിൽ ആഗോള തലത്തിൽ ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. ബാലവേലയിൽ ഏർപ്പെടുന്ന 50 ശതമാനത്തോളം കുട്ടികളും അപകടകരമായ ജോലി കളാണ് ചെയ്യുന്നത്. ബാലവേലയെ സംബന്ധിച്ച ആഗോള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ അവസ്ഥയെ വിലയിരുത്തിയാൽ ഇവിടെയുള്ള 11 കുട്ടികളിൽ ഒന്ന് എന്ന നിലയിൽ ബാലവേല ചെയ്യുന്നു. 2011 സെൻസസ് അനുസരിച്ച് ഇന്ത്യയിലെ 5 മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 259.6 മില്ല്യൺ ആണ്. ഇതിൽ 10.1 മില്ല്യൺ കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പോലും ലഭിക്കാത്തവരുമാണ്. ബാലവേലയിൽ ഏർപ്പെടുന്ന 80 ശതമാനം കുട്ടികളും ഗ്രാമീണ മേഖലയിൽ നിന്നുള്ള കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്. ദാരിദ്ര്യവും സാമൂഹിക സുരക്ഷിതത്വമില്ലായ്മയുമാണ് ബാലവേലയുടെ പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്.

**ബാലവേല നിർമാർജനമാണ് ഇന്ത്യ പോലുള്ള ജനാധിപത്യ രാഷ്ട്രത്തിന്റെ പരമ പ്രധാനായ ലക്ഷ്യമായി മാറേണ്ടത്. (മാതൃഭൂമി, 11/6/2018)**



# മീഡിയ ട്രയൽ ആർക്കാണ് പേടി?

ഫാ. വർഗീസ് വള്ളിക്കാട്ട്
പി.ഒ.സി പാലാരിവട്ടം

മലയാള ദൃശ്യ മാധ്യമങ്ങൾ നടത്തുന്ന അന്തി ചർച്ചയിലെ ഒരു പ്രധാന വിഷയമാണ് കത്തോലിക്കാ സഭയും സഭാ നേതാക്കളും ക്രൈസ്തവ വിശ്വാസാ ചാരങ്ങളും. കഴിഞ്ഞ എട്ടുമാസങ്ങൾ ഒരു ഭൂമി യിടപാടിനെപ്പറ്റി നടന്ന മാധ്യമവിശകലനങ്ങളും വിധിവാചകങ്ങളും കേട്ടിരുന്നവർക്ക് എന്ത് മനസ്സിലായി?

അടുത്ത കാലത്തു, നാല് വൈദികർക്കെതിരെ ലൈംഗിക ആരോപണം ഉണ്ടായപ്പോൾ ആരും ബ്രഹ്മചര്യത്തിനെതിരെ കൊമ്പുകുലുക്കിയില്ല. ബ്രഹ്മചാരികൾക്കുള്ള മരുന്നുകളും നിർദേശിച്ചില്ല.... പകരം, കുമ്പസാരം എന്ന 'ചൂഷണോപാധി' യായിരുന്നു ചർച്ചാവഷയം. ക്രിസ്തീയ വിശ്വാസ ങ്ങളും ആചാരങ്ങളും വിചാരണ ചെയ്യപ്പെട്ടു. കുപ്പായമിട്ടവരും, അത് ഊരിയവരും, കുപ്പായമോ കുരിശോ കണ്ടാൽ ഹാലിളകുന്നവരും ചർച്ചക്കിരുന്നു... അവർ വിധിവാചകങ്ങൾ ആക്രോശിച്ചു കൊണ്ടേയിരിക്കുന്നു!

കുമ്പസാരവും ആരോപിക്കപ്പെടുന്ന ലൈംഗിക ചൂഷണവും തമ്മിൽ ബന്ധമുണ്ടാ യിരുന്നോ? പോലീസ് എന്താണ് കണ്ടെത്തിയത്? കോടിതി എന്താണ് തീരുമാനിക്കുക? പക്ഷെ, മാധ്യമങ്ങൾക്കു കാത്തിരിക്കാനാവില്ലല്ലോ..

വടക്കേ ഇന്ത്യയിലെ ഒരു മലയാളി മെത്രാനും അദ്ദേഹത്തിന്റെ അധികാരത്തിന് കീഴിലുള്ള ഒരു സന്ന്യാസസഭയിലെ മുൻ മദർ ജനറലും തമ്മിലുണ്ടായ മൂപ്പിളമ തർക്കങ്ങൾ രണ്ടു വർഷം നീണ്ടുനിന്ന ഒരു ബലാത്സംഗ കേസായതും, മാധ്യമങ്ങളുടെ കണ്ണിൽ ആരോപണത്തിലെ മുഖ്യ പ്രതിയെക്കാൾ, കേരളത്തിലെ ഒരു കർദ്ദിനാൾ വില്ലനായി മാറിയതും എങ്ങനെയെന്നു പോലീസ് അന്വേഷിക്കട്ടെ... കുറ്റം ചെയ്തവർ ആരായാലും ശിക്ഷിക്കപ്പെടട്ടെ... മാധ്യമങ്ങൾക്ക് ഈ വിഷയത്തിലുള്ള താത്പര്യം സഭയുടെയും സമുഹത്തിന്റെയും നന്മ മാത്രമാണെന്ന് കരുതാം.

പക്ഷെ, കർദ്ദിനാളുമായി കന്യാസ്ത്രീ നടത്തിയ ഒരു ടെലിഫോൺ സംഭാഷണത്തിൽനിന്ന് ഒരു ഭാഗവും തങ്ങളുടെ അഭ്യൂഹങ്ങളും ചേർത്ത് വിളമ്പിയതിനു പിന്നിൽ അത്ര നിഷ്കളങ്കമായ മാധ്യമ ധർമ്മ മായിരുന്നോ? 12 മിനിട്ടു ദീർഘിച്ച ആ സംഭാഷ ണത്തിൽ എവിടെയായിരുന്നു ലൈംഗികാ രോപണം? ഒരു സഭാപിതാവിൽനിന്നു, സഹായവും മാർഗ നിർദേശവും ചോദിച്ചു വാങ്ങിയ ആ ടെലി ഫോൺ സംഭാഷണം സംപ്രേഷണം ചെയ്തത് ആ കന്യസ്ത്രീയെപ്പറ്റി ജനങ്ങളിൽ മതിപ്പുണ്ടാക്കിയോ? ആരെയാണ് മാധ്യമങ്ങൾ വേട്ടയാടുന്നത്?

ദൽഹി ആർച്ചുബിഷപ്പും ഗോവ ആർച്ചു ബിഷപ്പും സിബിസിഐയും സഭയിലെ മറ്റനേകം പേരും, ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളെയും പരിപാടികളെയും വിമർശിക്കുമ്പോഴും, ഇന്ത്യൻ ഭരണഘടന നേരിടുന്ന പ്രതിസന്ധികളെപ്പറ്റി സംസരിക്കുമ്പോഴും, സഭ സുവിശേഷ പ്രഘോഷണം എന്ന പ്രവാചക ദൗത്യം നിർവഹിക്കുമ്പോഴും, ഓർക്കണം, സഭയുടെ നിലപാടുകൾ ഇഷ്ടപെടാത്ത വരടെ അമർഷവും അസഹിഷ്ണുതയും അവസരം കിട്ടുമ്പോൾ പുറത്തുവരും.... സഭയിലെ ചെറിയ വീഴ്ചകൾ പോലും ദയാദാക്ഷിണ്യമെന്യേ വിമർശിക്കപ്പെടും. മാധ്യമങ്ങൾ അവരുടെ അജണ്ട കളും താത്പര്യങ്ങളുമനുസരിച്ചു, അതിനുപറ്റിയ ആളുകളെക്കൊണ്ട് വിചാരണകളും വിധിതീർപ്പുകളും നടത്തിക്കും..... ആരോപണങ്ങളും അപവാദങ്ങളും പറയിക്കും. അവിടെ രാഷ്ട്രീയവും, വർഗിയവും, മറ്റു താത്പര്യങ്ങളുമൊക്കെ വേണ്ടപോലെ പ്രയോഗി ക്കപ്പെടും...
ഇവിടെ ചില ചോദ്യങ്ങൾ പ്രസക്തമാണ്:

മാധ്യമ പ്രവർത്തനത്തിന് മാനദണ്ഡങ്ങ ളുണ്ടോ? സമകാലിക മാധ്യമസംസ്കാരത്തെ നിർണ്ണയിക്കുന്ന മൂല്യങ്ങളും താത്പര്യങ്ങളും വിലയിരുത്തുന്നതിന് പ്രേക്ഷകരും അനുവാചകരും എത്രമാത്രം പ്രാപ്തരും ശ്രദ്ധാലുക്കളുമാണ്? മാധ്യമ വിദ്യാഭ്യാസം മാധ്യമ പ്രവർത്തകർക്കുമാത്രം മതിയോ? വിഷം കലരാത്ത ഭക്ഷ്യവസ്തുക്കൾപോലെ, ഹിഡൻ അജണ്ടകളുടെയും, വിദ്വേഷപ്രചാരണത്തിന്റെയും, സാമുദായിക സ്പർധയുടെയും വിഷംകലരാത്ത

വിശകലനങ്ങളും വാർത്താവലോകനങ്ങളും നമുക്ക് അന്യമാവുകയാണോ?

മർമ്മമറിയുന്നവനാണ് മാധ്യമപ്രവർത്തകൻ!

മർമ്മമറിയുന്നവർക്ക് തല്ലാൻ കഴിയില്ലെന്ന് പണ്ട് പറഞ്ഞിരുന്നത് നാട്ടിൻപുറങ്ങളിൽ ജീവിച്ചിരുന്ന നന്മനിറഞ്ഞ മനുഷ്യരെപ്പറ്റിയാണ്. കാലം മാറി കഥ മാറി. ഇപ്പോൾ മർമ്മം നോക്കി മാത്രമേ തല്ലാവൂ എന്നാണു പ്രമാണം. തല്ലേണ്ടവരെ നേരത്തെ തീരുമാനിച്ചു വച്ചിട്ടുണ്ട്. തല്ലുകാർ മൂൻകൂട്ടി അച്ചാരവും വാങ്ങി അവസരം നോക്കി കാത്തിരിക്കുകയാണ്.

കണ്ടുനില്ക്കുന്നവർ കുറ്റം പറയരുതല്ലോ. അതുകൊണ്ടു തല്ലുകൊള്ളുന്നവനെ ഒരു ഭീകരനായിത്തന്നെ അവതരിപ്പിക്കേണ്ടതുണ്ട്. അവതരണ മികവിലാണ് കാര്യമിരിക്കുന്നത്. പേരെടുത്ത അവതാരകർ ജനത്തിനുമുൻപിൽ കഥ അവതരിപ്പിക്കും. കേട്ടുനില്ക്കുന്നവന്റെ കണ്ണു തള്ളുന്നതിലാണ് വിജയം. ഇത്തരക്കാരുടെ നാവിന്റെ ബലത്തിലാണ് കേരളത്തിലെ ചില പ്രധാന മാധ്യമങ്ങളുടെ മാർക്കറ്റു വിജയം കുടികൊള്ളുന്നത്. നേരെനിന്നു നിരന്തരം അവർ പറയുന്നതാണ് നേരും നേരമ്പോക്കും!

പ്രതിസ്ഥാനത്തു കത്തോലിക്കാ പുരോഹിതനാണെങ്കിൽ മർമം ബ്രഹ്മചര്യവ്രതമായിരിക്കണം! ഓർത്തഡോക്സ് ആണെങ്കിൽ മർമ്മം കൂദാശ ആയിരിക്കണം. കഴിയുമെങ്കിൽ കുമ്പസാരം തന്നെ യാവണം. അതിനേയൊരു രഹസ്യാത്മകതയുടെ ത്രില്ലുള്ളൂ! പ്രൊട്ടസ്റ്റന്റോ പെന്തക്കോസ്തോ ആണെങ്കിൽ വിദേശപ്പണമായിരിക്കണം മർമ്മം!

നൈഷ്ഠിക ബ്രഹ്മചാരികളായ കത്തോലിക്ക പുരോഹിതർക്ക് എങ്ങിനെ സ്ത്രീ പുരുഷന്മാർ ഉൾപ്പെട്ട സമൂഹത്തിൽ ബ്രഹ്മചര്യം പാലിച്ചു മനുഷ്യരായി ജീവിക്കാൻ കഴിയും? അസാധ്യം! മനുഷ്യന് അസാധ്യമെന്നു തോന്നുന്ന ഒരു ജീവിതക്രമം പാലിക്കുന്നതിന് നിരന്തരം യത്നിക്കുക എന്നതാണ് ക്രിസ്ത്യാനി എന്നതിന്റെ അർഥമെന്നു മറക്കുന്നു, മറയ്ക്കുന്നു!

ശത്രുവിനെ സ്നേഹിക്കുക, നിന്നോട് തെറ്റ് ചെയ്യുന്നവരോട് ക്ഷമിച്ചതിനുശേഷം മാത്രം സ്വർഗ്ഗസ്ഥനായ പിതാവിനോട് നിന്റെ തെറ്റിന് മാപ്പപേക്ഷിക്കുക, സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പൂർണ്ണനാവുക. നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ സൂര്യനുദിപ്പിക്കുകയും മഴപെയ്യിക്കുകയും ചെയ്യുന്ന, പിതാവിനെപ്പോല കരുണയുള്ളവരാവുക, ആദ്യം സഹോദരനോട് രമ്യതപ്പെടുക, പിന്നെവന്നു ബലിയർപ്പിക്കുക... ഇതുവല്ലതും സാധ്യമാണോ? പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നാണ് ക്രിസ്ത്യാനിയുടെ ഉത്തരവും രണ്ടായിരം വർഷത്തെ അനുഭവവും.

ബ്രഹ്മചര്യം പൊട്ടാൻപോകുന്ന ബോംബാണെന്ന ചിന്തകൾ പങ്കുവയ്ക്കുന്ന വിശാരദന്മാരോട് ഇത്തരം കാര്യങ്ങൾ എങ്ങിനെ വിശദീകരിക്കും? അവർ വിളിച്ചുവരുത്തിയിരിക്കുന്ന "കൂടിയാട്ടക്കാർക്കു" ഇതെങ്ങനെ സ്വീകാര്യമാകും? ക്രിസ്ത്യാനിറ്റിയുടെ ക്രെഡിബിലിറ്റിയെയാണ് അവർ ഉന്നം വച്ചിരിക്കുന്നത്.... ഇടിച്ചു തകർക്കുകയാണ് അവരുടെ ഒരേ ഒരു ലക്ഷ്യം.

പാവങ്ങളോടും പരിത്യക്തരോടും എല്ലാത്തരം പാപികളോടും കൂട്ടുകൂടിയവൻ പാപമില്ലാത്തവനായിരുന്നു എന്ന് പറഞ്ഞാൽ അവർ വിശ്വസിക്കുമോ? വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്ന് പറഞ്ഞാൽ അവർക്കു മനസ്സിലാവുമോ? അയൽക്കാരനോടുള്ള സ്നേഹത്തെ മാറ്റിനിർത്തിക്കൊണ്ടു ദൈവത്തെ സ്നേഹിക്കാൻ കഴിയില്ല എന്ന ക്രൈസ്തവ ബോധ്യത്തിനു ക്രെഡിബിലിറ്റി ഉണ്ടെന്നു അവർ അംഗീകരിക്കുമോ? വാൾ ഉറയിലിടുക എന്ന കൽപ്പന പാലിക്കുന്നവർക്കു അവരുടെ മുൻപിൽ എന്ത് വിലയാനുള്ളത്?

അവരുടെ വിചാരണ നീളുകയാണ്...

കണ്ണുരുട്ടേണ്ടവർ കണ്ണുരുട്ടിയാൽ മാത്രം അവരുടെ 'മീശ' കീഴോട്ടാകുന്നത് കാണാം!

സഭയുടെ വിശ്വാസങ്ങളെയും വിശ്വാസ്യതയേയും തകർക്കാൻ ശ്രമിക്കുന്നവർക്കറിയാം ക്രിസ്ത്യാനിയുടെ പ്രതിഷേധം (മറ്റെല്ലാ സമാധാനപ്രിയരുടെയും പോലെ) പ്രാർത്ഥനാ സമ്മേളനങ്ങളിലും മെഴുകുതിരി കത്തിച്ചുള്ള, (മെഴുകുതിരി കെടുന്ന ഒരു ശ്വാസം പോലും ഉയരാത്ത!) പ്രതിഷേധ ജാഥയിലും അവസാനിക്കുമെന്ന്. അത് ക്രിസ്ത്യാനിയുടെ ബലഹീനതയായി അവർ കരുതുന്നു. അതാണവരുടെ ബലവും.

തല്ലുന്നവനോട് താങ്കൾ എന്തിനാണിങ്ങനെ തല്ലുന്നത് എന്ന് മര്യാക്ക് ഭംഗം വരാതെ ചോദിയ്ക്കാൻ ഓരോ ഇന്ത്യൻ പൗരനും അവകാശമുണ്ട്. അത് ചോദിക്കാൻ തയാറാകാതിരിക്കുന്നതു ഭീരുത്വവുമാണ്.

നുണയും, വിദ്വേഷ പ്രചാരണവും വിധി പ്രസ്താവങ്ങളും വെല്ലുവിളികളും മര്യാദ മറന്നു നടക്കുമ്പോൾ, തൊട്ടടുത്ത മാധ്യമ കേന്ദ്രത്തിൽ വരെ ഒന്നുപോയി, താങ്കൾ എന്തിനാണ് സർ ഇങ്ങനെ ചെയ്യുന്നത് എന്ന് ചോദിക്കാനുള്ള പൗരബോധം സമൂഹത്തിന്റെ നന്മ ലക്ഷ്യം വയ്ക്കുന്ന ഓരോ വ്യക്തിക്കും ഉണ്ടാകണം. സംഘടനകൾക്കും ഉണ്ടാകണം. അതിനുള്ള ആത്മധൈര്യവും നീതിബോധവും ഇല്ലെങ്കിൽ മാധ്യമങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

ക്ഷമിക്കുന്നതും, സഹിക്കുന്നതും, സ്നേഹിക്കുന്നതും ഭീരുക്കൾക്കു പറഞ്ഞിട്ടുള്ളതല്ല.

**(ഫെയ്സ്ബുക്ക് പോസ്റ്റ്)**

# ഗർഭച്ഛിദ്രം നാസി കുറ്റകൃത്യ ങ്ങൾക്ക് തുല്യം ഫ്രാൻസിസ് മാർപാപ്പ




## ഇതുതന്നെയല്ലേ നാസികളും ചെയ്തത്?

ഗർഭസ്ഥ ശിശുവിന്റെ ജനിതകത്തകരാറുകൾ പരിശോധനയിലൂടെ കണ്ടെത്തിയശേഷം നടത്തുന്ന ഗർഭച്ഛിദ്രം നാസി കാലഘട്ടത്തെ കുറ്റകൃത്യങ്ങൾക്ക് സമാനമെന്ന് ഫ്രാൻസിസ് രണ്ടാമൻ മാർപാപ്പ. ആരോഗ്യവും ബുദ്ധിയും കൂടുതലുള്ള സന്താനങ്ങളെ ഉത്പാദിപ്പിക്കാനായി നാസി കാലഘട്ടത്തിൽ പരീക്ഷിക്കപ്പെട്ട 'യുജെനിക്സി'ന് തുല്യമാണിതെന്ന് ഇറ്റാലിയൻ കുടുംബസമ്മേളനത്തിൽ സംസാരിക്കവേ മാർപാപ്പ പറഞ്ഞു. ഇറ്റലിയിലെ കുടുംബങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന സംഘടനാ പ്രവർത്തകരെ അഭിസംബോധന ചെയ്യവേ ഈ നൂറ്റാണ്ടിന്റെ പ്രവാചകനായ ഫ്രാൻസിസ് പാപ്പായുടേതായിരുന്നു ഈ ചോദ്യം. ലോകമനസ്സാക്ഷിയെത്തന്നെ അക്ഷരാർത്ഥത്തിൽ പൊള്ളിക്കുന്നുണ്ട് ഈ വാക്കുകൾ. ഇതു തന്നെയല്ലേ നാസികളും ചെയ്തത്?

വംശശുദ്ധിയുടെ പേരിൽ ഹിറ്റ്ലറുടെ നേതൃത്വത്തിൽ നാസി പടയാളികൾ ചെയ്തുകൂട്ടിയ ക്രൂരതയുടെ പേരിൽ 60 ലക്ഷം പേരാണ് "വംശശുദ്ധി" എന്ന നാശചിന്തക്ക് ഇരകളായത്. മനോദൗർബല്യമുള്ളവരെയും അംഗവൈകല്യമുള്ളവരെയും വന്ധ്യംകരണത്തിന് വിധേയരാക്കിയും അനേകം മനുഷ്യരെ 'മരണഫാക്ടറി'കളിൽ കൊന്നൊടുക്കിയും ഭീകരത സൃഷ്ടിച്ചവരുടെ പിൻതലമുറക്കാരാണ് "വെളുത്ത ഗ്ലൗസുകള"ണിഞ്ഞ് അമ്മമാരുടെ ഉദരത്തെ മരണഫാക്ടറികളാക്കുന്നത്. തെക്കെ അമേരിക്കൻ രാജ്യമായ പാപ്പായുടെ സ്വന്തം സ്ഥലമായ അർജന്റീനായിൽ ഗർഭഛിദ്രം നിയമവിധേയമാക്കിയ വാർത്ത പുറത്തുവന്നതിന്റെ തൊട്ടടുത്തദിവസം തന്നെയാണ് കുടുംബങ്ങളോട് സംസാരിക്കവേ ഫ്രാൻസിസ് പാപ്പാ തന്റെ ഖേദവും ആശങ്കയും ദൃഢസ്വരത്തിൽ പങ്കുവെച്ചത്.

ഈ വരുന്ന ഓഗസ്റ്റ്മാസത്തിൽ അയർലണ്ടിൽ നടക്കുന്ന ആഗോള കത്തോലിക്കാ കുടുംബസംഗമത്തിൽ പങ്കെടുക്കാൻ ഒരുങ്ങുന്ന വേളയിലാണ് ഈ പ്രസ്താവന എന്നത് ഏറെ ശ്രദ്ധേയമാണ്.

ഒരുവർഷം ഗർഭഛിദ്രത്തിലൂടെ 5 കോടി കുഞ്ഞുങ്ങളാണ് ഈ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കപ്പെടുന്നത് എന്നറിയുമ്പോഴാണ് ഇത് നാസി കൂട്ടക്കൊലയേക്കാൾ ഭീകരമാണെന്ന് നാം മനസ്സിലാക്കുന്നത്. ലോകത്ത് പ്രതിദിനം ഒരു ലക്ഷത്തിലധികം കുഞ്ഞുങ്ങൾ ഭ്രൂണഹത്യക്ക് വിധേയരാകുന്നുവെന്നത് അത്ര നിസ്സാരമായി കാണാവുന്ന ഒരു സാഹചര്യമല്ല. ഇന്ത്യയിൽ ഒരുദിവസം 35000-ത്തിലധികം കുഞ്ഞുങ്ങളുടെ ജീവനെടുക്കപ്പെടുന്നതിൽ 1500-ലധികവും നമ്മുടെ ഈ കൊച്ചു കേരളത്തിൽതന്നെയാണ് സംഭവിക്കുന്നത്. ഈ മരണ സംസ്കാരത്തിനെതിരെ സംസ്കാരസമ്പന്നരെന്ന് അവകാശപ്പെടുന്ന നമുക്ക് സംഘടിതരായി പ്രവർത്തിക്കാനുള്ള കടമയുണ്ട്. **(വത്തിക്കാൻ തരംഗം ജൂലൈ 2018)**

# അദ്ഭുതശിശു ജിയോ ഇൻസ്റ്റിറ്റ്യൂട്ട്

ജനന സർട്ടിഫിക്കറ്റ് കിട്ടി, പക്ഷേ കുട്ടി ജനിക്കാൻ ഇരിക്കുന്നതേ ഉള്ളൂ. വ്യവസായ ഭീമൻ റിലയൻസ് ഗ്രൂപ്പിന്റെ തുടങ്ങാനിരിക്കുന്ന ജിയോ ഇൻസ്റ്റിറ്റ്യൂട്ടിനു കേന്ദ്ര സർക്കാർ നല്കിയ ശ്രേഷ്ഠ പദവിയെ ഇതിലും ലളിതമായി എങ്ങനെ വിശേഷിപ്പിക്കും. കടലാസിൽ മാത്രം വിഭാവന ചെയ്താലും കേന്ദ്രസർക്കാരിന്റെ ഏറ്റവും മുന്തിയ സർട്ടിഫിക്കറ്റ്. ഇത്തരമൊരു യോഗം റിലയൻസ് മുതലാളിക്കു മാത്രമാകും രാജ്യത്ത് വിധിച്ചിട്ടുണ്ടാകുക.

മുകേഷ് അംബാനിയുടെ ഭാര്യ നിത അംബാനിയുടെ ഫൗണ്ടേഷൻ മഹാരാഷ്ട്രയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ജിയോ ഇൻസ്റ്റിറ്റ്യൂട്ടിന് ശ്രേഷ്ഠ പദവി (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമിനൻസ്-ഐഒഇ)നല്കാനുള്ള തീരുമാനം വിവാദമായതു സ്വാഭാവികം. വിവാദം കൊഴുക്കുമ്പോഴും പെട്രോളിയവും മൊബൈലും മുതൽ ക്രിക്കറ്റ് വരെയുള്ള സമസ്ത മേഖലകൾക്കും പുറമേ ഉന്നത വിദ്യാഭ്യാസ രംഗത്തേക്കു കൂടി കടന്നുകയറി പണം കൊയ്യാനുള്ള അംബാനിയുടെ മോഹത്തിനു തടസമില്ല.

മോദി സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലാണ് പ്രധാനമന്ത്രിയുടെ ക്വാളിറ്റി ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആഗോള നിലവാരത്തിലുള്ള 20 സ്ഥാപനങ്ങളെ കണ്ടെത്തുന്നതായി പ്രഖ്യാപിച്ചത്. ആകെ 113 സ്ഥാപനങ്ങളുടെ അപേക്ഷകൾ കിട്ടി. ഇതിൽ ആറെണ്ണത്തിനാണ് ശ്രേഷ്ഠ പദവി കല്പിച്ചരുളിയത്. മൂന്നു സർക്കാർ സ്ഥാപനങ്ങളും മൂന്നു സ്വകാര്യ സ്ഥാപനങ്ങളും ശ്രേഷ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു. ഇക്കൂട്ടത്തിലാണു പുതുതായി തുടങ്ങുന്ന ഗ്രീൻഫീൽഡ് വിഭാഗത്തിൽ റിലയൻസിന്റെ ജിയോയ്ക്കു സ്ഥാനം നല്കിയത്. ദേശീയ റാങ്കിംഗിൽ അഞ്ചാം സ്ഥാനമുള്ള ഖരക്പൂർ ഐഐടിയും ആറാം

സ്ഥാനമുള്ള ഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയും (ജെഎൻയു) ഏഴാം സ്ഥാനം നേടിയ കാൺപൂർ ഐഐടിയും എല്ലാം തഴയപ്പെട്ടു. പക്ഷേ പതിനെട്ടാം റാങ്ക് മാത്രമുള്ള സ്വകാര്യ സ്ഥാപനമായ മണിപ്പാൽ ഗ്രൂപ്പും 26-ാം സ്ഥാനത്തുള്ള ബിർള ഗ്രൂപ്പിൻെറ ബിറ്റ്സ് പിലാനിയും തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പമാണ് ഗൂഗിളിൽ പരിശോധിച്ചാൽ പോലും കാണാനില്ലാത്ത ജിയോ യൂണിവേഴ്സിറ്റിക്കും ഇടം നല്കിയത്.

രാജ്യത്തെ മറ്റെല്ലാ മേഖലയിലും വൻകിട കോർപറേറ്റുകൾ കടന്നുകയറി മത്സരം പോലും ഇല്ലാതാക്കുന്നത് കാണാതെ പോകരുത്. പക്ഷേ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടി ഇത്തരം കടന്നുകയറ്റങ്ങളും നീതിയുക്തമല്ലാത്ത സർക്കാർ സഹായങ്ങളും ഉണ്ടാകുന്നത് ഇന്ത്യയുടെ ഭാവിയെ തന്നെ ദോഷകരമായി ബാധിക്കും. **(ദീപിക,14/7/2018)**

# മദ്യത്തിനെതിരേയുള്ള പോരാട്ടം ശക്തമാക്കാം

## ഗ്ലാസിലെ നുര പ്ലേറ്റിലെ കറി; ഒന്നാം പ്രതിയാര്?

ഗ്ലാസിലെ നുര, പ്ലേറ്റിലെ കറി എന്നർത്ഥമുള്ള ജി.എൻ.പി.സി. എന്ന ഫെയ്സ്ബുക്ക് കൂട്ടായ്മയ്ക്കെതിരേ സംസ്ഥാന എക്സൈസ് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ഗ്രൂപ്പ് അഡ്മിന്മാരായ ദമ്പതികൾക്കെതിരേയാണു കേസ്. മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നാണ് കുറ്റം. ഈ ഗ്രൂപ്പിലിപ്പോൾ 18 ലക്ഷം അംഗങ്ങളുണ്ട്. മദ്യപാനത്തെ സാധൂകരിച്ചു ഗ്രൂപ്പിൽ പോസ്റ്റ് ചെയ്ത വീഡിയോകളും ചിത്രങ്ങളും തെളിവാക്കിയാണ് കേസ്. കേരളപ്പിറവിക്കുശേഷമുണ്ടായ ഏറ്റവും വലിയ സംസ്ഥാനതല തമാശയാണ് ജി.എൻ.പി.സി. കൂട്ടായ്മയ്ക്കെതിരായ എക്സൈസ് കേസ്. പൗരന്മാർക്കു വിവിധയിനം മദ്യം കുടിക്കാൻ ലൈസൻസ് നല്കി, വില്പ്പനയ്ക്കു മേല്നോട്ടം വഹിക്കുന്ന എക്സൈസ് വകുപ്പ് അതേ മദ്യം കുടിച്ചിട്ട് കൊള്ളാം എന്ന് അഭിപ്രായം പറഞ്ഞുവെന്നതിന് കേസെടുക്കുന്നു!

ഒന്നാം പ്രതിയാര്? ഗ്ലാസ് നുരയാൻ വഴികാട്ടുന്ന എക്സൈസ് വകുപ്പോ? പ്ലേറ്റിലെ കറിവേപ്പിലയായ സാധാരണ മനുഷ്യരോ?

കേരളസർക്കാർ നടപ്പാക്കുന്ന മദ്യനയം കേരളീയ സമൂഹത്തിന്റെ മനസ്സിൽ കൂടുതൽ ആശങ്ക ഉണ്ടാക്കുകയാണ്. കുടുംബങ്ങളെ, പ്രത്യേകിച്ചു യുവതലമുറയെ, നാശത്തിലേക്കു നയിക്കുന്ന സർക്കാരിന്റെ ഇന്നത്തെ മദ്യനയം പ്രതിഷേധാർഹമാണ്. ഈ മദ്യനയം തലമുറയോടുള്ള ക്രൂരതയാണ്. പൊതുസമൂഹത്തിന്റെ സുരക്ഷയും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്തേണ്ട ഗവൺമെന്റ് ജനജീവിതത്തിന്റെ അന്തകരായി മാറുകയാണ്.

### മദ്യപിച്ചുള്ള കുറ്റകൃത്യങ്ങളിൽ എക്സൈസ് കമ്മീഷണറെ പ്രതിചേർക്കണം

**കെസിബിസി ഐക്യജാഗ്രതാസമിതി**

**കൊച്ചി:** സ്കൂൾ വിദ്യാർഥികൾപോലും മദ്യത്തിന് അടിമപ്പെടുകയും സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള ആക്രമണം വർധിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ മദ്യത്തിന്റെ സ്വാധീനത്തിൽ നിർവഹിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാന എക്സൈസ് കമ്മീഷണറെ കൂട്ടുപ്രതിയായി കണക്കാക്കി കേസെടുക്കണമെന്ന് കെസിബിസി ജാഗ്രതാസമിതി ആവശ്യപ്പെട്ടു. സംസ്ഥാനത്ത് മദ്യഉപയോഗം വർധിക്കുന്നതിനുത്തരവാദി സർക്കാരാണ്. ജനഹിതം മാനിക്കാതെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വയം നിർണയാവകാശം റദ്ദാക്കിയും സർക്കാർ മദ്യത്തിനു നല്കുന്ന പ്രോത്സാഹനവും മദ്യ മുതലാളിമാരോടു പുലർത്തുന്ന വിധേയത്വവും തലമുറകളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. **(24/4/2018)**

### ലഹരിവിരുദ്ധ പോരാട്ടം സഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രേഷിതപ്രവർത്തനം:

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

**കൊച്ചി:** സഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രേഷിത പ്രവർത്തനമാണു ലഹരിക്കെതിരെയുള്ള പോരാട്ടങ്ങളെന്നു സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. **(ദീപിക, 27/6/2018)**



# താജ്മഹലിന് എന്തുപറ്റി?

ലോകാത്ഭുതങ്ങളിലൊന്നായ താജ്മഹലിന്റെ സംരക്ഷണത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാട്ടുന്ന കുറ്റകരമായ അനാസ്ഥയ്ക്കെതിരെ സുപ്രീംകോടതി രൂക്ഷഭാഷയിൽ നടത്തിയ പ്രതികരണം പൈതൃകങ്ങളുടെ പേരിൽ അഭിമാനം കൊള്ളുന്ന മുഴുവൻ രാജ്യസ്നേഹികളുടെയും പൊതുവികാരമാണ്. "സംരക്ഷിക്കാൻ താത്പര്യമില്ലെങ്കിൽ പൊളിച്ചുകളയൂ" എന്നുവരെ കോടതി പറഞ്ഞപ്പോൾ രാജ്യത്തിന്റെ തന്നെ തലകുനിച്ചുപോയി.

കാലത്തെ തോല്പിച്ചുനില്ക്കുന്ന താജ്മഹലിനെ ഭാരതത്തിന്റെ ഏറ്റവും വലിയ അഭിമാനമെന്നു തന്നെ വിശേഷിപ്പിക്കാം. ലോകസഞ്ചാരികളെ ഏറ്റവും ആകർഷിക്കുന്ന പത്തു ചരിത്ര സ്മാരകങ്ങളുടെ പട്ടികയിൽ താജ്മഹൽ മാത്രമാണ് ഇന്ത്യയിൽ നിന്നുള്ളത്.

താജ്മഹലിനോട് സംസ്ഥാന സർക്കാർ പുലർത്തുന്ന അവഗണനയും അവഹേളനവും മുമ്പും വിമർശന വിധേയമായിട്ടുണ്ട്. യോഗി ആദിത്യനാഥ് മുഖ്യമന്ത്രിയായതോടെയാണ് ഈ പ്രവണത ശക്തമായത്. ചരിത്ര സ്മാരകങ്ങളെ ആ നിലയിൽ കാണാതെ അതിലും വർഗീയത കുത്തിവച്ച് അന്തരീക്ഷം വിഷലിപ്തമാക്കാനുള്ള ആസൂത്രിത ശ്രമങ്ങളും ഇതിനിടെ പലവട്ടം നടന്നു. യു.പി. സർക്കാരിന്റെ ഔദ്യോഗിക ടൂറിസം ലഘുലേഖയിൽ നിന്ന് താജ്മഹൽ ഒഴിവാക്കിയത് ഇതിന്റെ ഭാഗമാണ്. യോഗി ആദിത്യനാഥ് സർക്കാറിന്റെ ആദ്യ ബജറ്റിൽ അയോധ്യ, വാരാണസി, മഥുര, ചിത്രകൂട് എന്നിവയുടെ വികസനത്തിന് വൻതുക വകയിരുത്തിയപ്പോൾ താജ്മഹലിനുവേണ്ടി ഒരുപൈസ പോലും നല്കിയില്ല.

ചരിത്ര സ്മാരകങ്ങളെയും പൈതൃക പാരമ്പര്യങ്ങളെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും സങ്കുചിത പ്രതീകങ്ങളായി കാണരുത്. അത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത് അയ്യായിരത്തിലധികം വർഷത്തെ പാരമ്പര്യം അവകാശപ്പെടുന്ന ഇന്ത്യയുടെ മഹത്തായ സംസ്കാരത്തിന് അപമാനമാണ്.

കാലം സമ്മാനിച്ച പൈതൃക നിധികൾ കൃഷ്ണമണിപോലെ സംരക്ഷിക്കേണ്ടതു ഭരണകൂടത്തിന്റെ ഉത്തരവാദിത്തം തന്നെയാണ്. ഈ ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കാൻ കേന്ദ്രവും ഉത്തർപ്രദേശ് സർക്കാരും തയ്യാറാകണം. താജ്മഹലന്റെ സംരക്ഷണത്തിൽ വിഭാഗീയ ചരിത്ര വ്യാഖ്യാനത്തിന് സ്ഥാനമുണ്ടാവരുത്.



# ഈ രക്ഷാദൗത്യം ലോകത്തിനു മാതൃക

തായ്ലൻഡിലെ ഗുഹയിലകപ്പെട്ട 12 കുട്ടികളെയും അവരുടെ കോച്ചിനെയും ജീവിതത്തിലേക്കു തിരിച്ചെത്തിച്ച രക്ഷാപ്രവർത്തനം ലോകം മുഴുവൻ പ്രകീർത്തിക്കപ്പെടുന്നതിൽ അതിശയമില്ല. അപകട വിവരമറിഞ്ഞയുടൻ സർക്കാർ സംവിധാനം അതീവജാഗ്രതയോടെ ഓരോ ചുവടും മുന്നോട്ടു വച്ചു എന്നാതണ് ലോകം ഈ വലിയ ദുരന്തത്തിൽനിന്നു പഠിക്കേണ്ട ആദ്യപാഠം. ഈ ധീരകൃത്യത്തിനു സന്നദ്ധരായ മുഴുവൻ പേരും അഭിനന്ദനമർഹിക്കുന്നു. ലോകത്തനു മാതൃകയാണവർ. ഒത്തൊരുമയുടെയും നിശ്ചയദാർഢ്യത്തിന്റെയും വലിയൊരു പാഠം ഈ രക്ഷാദൗത്യം നമുക്കു പകർന്നു നല്കുന്നുണ്ട്. നന്മകളുടെ കുത്തൊഴുക്ക് ഒരിക്കലും വിഫലമാവില്ല.

ലോകം ഒരു മനസോടെ ഏറ്റെടുത്ത രക്ഷാദൗത്യമായിരുന്നു താം ലുവാംഗ് ഗുഹയിൽ നമുക്കു കാണാനായത്. ലോകത്തിന്റെ മുഴുവൻ പ്രാർഥനകളും ഈ കുട്ടികൾക്കു കോച്ചിനും മേലുണ്ടായിരുന്നു. രക്ഷാപ്രവർത്തനത്തിറിങ്ങിയ തായ് നാവിക സേനാ ഉദ്യോഗസ്ഥർക്കും അന്താരാഷ്ട്ര ഡൈവർമാർക്കും ഒന്നു പിഴയ്ക്കല്ലേയെന്ന് ജനങ്ങളൊന്നാകെ പ്രാർഥിച്ചു. രക്ഷാപ്രവർത്തനത്തിനിടെ സ്വന്തം ജീവൻ ബലി കൊടുത്ത മുൻ നാവിക സേനാ ഡൈവർ സമൻ കുനാനിന്റെ പരമത്യാഗം ഒരിക്കലും വിസമൃതിയിലാവില്ല.

എല്ലാം കൈവിട്ടുപോകുന്നുവെന്നു തോന്നിച്ച അവസരത്തിലും പതിനൊന്നു മുതൽ പതിനാറു വരെ മാത്രം വയസ്സുപ്രായമുള്ള കുട്ടികളെ ആത്മവിശ്വാസം പകർന്നു ജീവിതത്തിൽ പിടിച്ചുനിർത്തിയ ഇരുപത്തഞ്ചുകാരൻ ഫുട്ബോൾ കോച്ച് എക്കപോൽ ചാന്ദവോങ്ങിനെ എത്ര അഭിനന്ദിച്ചാലാണു മതിയാവുക. കുട്ടികളെ കണ്ടെത്തിയ ശേഷം അവരുടെ ആരോഗ്യം സംരക്ഷിക്കാനായി മറ്റെല്ലാം മാറ്റിവച്ച് സ്വയം സന്നദ്ധനായ ഓസ്ട്രേലിയൻ ഡോക്റ്റർ റിച്ചാർഡ് ഹാരിസ് എത്രയോ മഹനീയ മാതൃകയാണ്. അസാധാരണ സാഹചര്യങ്ങളിലെ അസാധാരണ വിജയങ്ങൾ ലോകമൊന്നാകെ വാഴ്ത്തിപ്പാടും. ഇത് കൂട്ടായ്മയുടെയും ആത്മവിശ്വാസത്തിന്റെയും വിജയമാണ്. മരണസംസ്കാരം വളർന്നുവരുന്ന ഒരു കാലഘട്ടത്തിൽ ജീവന്റെ സംസ്കാരം ഉയർത്തിക്കാട്ടുന്ന ഉദാത്തമായ അനുഭവമായി ഈ രക്ഷാപ്രവർത്തനം മാറി.

# കേന്ദ്രസർവീസിൽ നേരിട്ടുള്ള നിയമനം ലക്ഷ്യമിടുന്നത്!

ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി. എസ്. റ്റി
സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

കേന്ദ്രസർവീസിൽ ജോയിന്റ് സെക്രട്ടറിയായി സിവിൽ സർവീസിന് പുറത്തുനിന്ന് 10 പേരെ നിയമിക്കാനുള്ള വിജ്ഞാപനം കേന്ദ്ര ഉദ്യോഗസ്ഥ കാര്യവകുപ്പ് പുറപ്പെടുവിച്ചു. കരാറടിസ്ഥാനത്തിൽ മൂന്നുവർഷത്തേക്കായിരിക്കും നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അഞ്ചു വർഷം വരെ ഇത് നീട്ടാം. ഐ.എ.എസുകാരായ തത്തുല്യ തസ്തികയിലുള്ളവർക്ക് കിട്ടുന്ന ശമ്പളവും മറ്റെല്ലാ ആനുകൂല്യങ്ങളും ഇവർക്ക് നല്കുകയും ചെയ്യും. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം.

കേന്ദ്രസർക്കാർ മേഖലയെ കൂടുതൽ ശക്തമാക്കുന്നതിനാണ് ഈ നടപടിയെന്നാണ് സർക്കാർ പറയുന്നത്. അനുഭവജ്ഞാനവും വൈദഗ്ധ്യവുമുള്ള പ്രൊഫഷണലുകളെ സർക്കാർ നയരൂപവത്കരണത്തിൽ പങ്കാളിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്രം വിശദീകരിക്കുന്നു.

യഥാർഥ പ്രൊഫഷണലുകളുടെ വൈദഗ്ധ്യവും നിപുണതയും ഭരണരംഗത്തേക്കു കൊണ്ടുവരുന്നതിലൂടെ പുതിയൊരു തൊഴിൽ സംസ്കാരവും നിർവഹണസമ്പ്രദായവും വികസിപ്പിച്ചെടുക്കാനാവും. വിവിധങ്ങളായ വെല്ലുവിളികൾ ഏറ്റെടുക്കാനും അവയ്ക്കും യുക്തമായ പരിഹാരങ്ങൾ കണ്ടെത്താനും സാധിക്കുന്ന ഉദ്യോഗസ്ഥ നേതൃത്വം ഏറെ ആവശ്യമാണിന്ന്. സാമൂഹ്യ പ്രതിബദ്ധതയുള്ള വിദഗ്ദ്ധരുടെ സേവനം സർക്കാരിനു ലഭിക്കുന്നതു രാജ്യത്തിനു ഗുണകരമാണ്. അതിനു സഹായകമായ മാറ്റങ്ങൾ ഉണ്ടാകണം.

എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം ആശങ്ക വർദ്ധിപ്പിക്കുന്നതും ജനാധിപത്യബോധമുള്ളവരെ ഉത്ക്കണ്ഠപ്പെടുത്തുന്നതുമാണ്. സർക്കാരിന്റെ ഈ നീക്കം നവസമീപനമാണോ, പിൻവാതിൽ പ്രവേശനമാണോ എന്ന ആശങ്ക സ്വാഭാവികമാണ്. ലോകം അനുനിമിഷം മുന്നേറുമ്പോൾ രാജ്യത്തിന്റെ വളർച്ചയിൽ കൂടുതൽ ത്വര ആവശ്യമാണെന്ന് ആരും സമ്മതിക്കുമെങ്കിലും സ്വകാര്യവ്യക്തികൾക്ക് മുൻതൂക്കം നല്കുന്ന ഇത്തരമൊരു നയം സ്വീകരിക്കുകവഴി ബി.ജെ.പി സർക്കാർ എന്താണ് ലക്ഷ്യംവെക്കുന്നത് എന്ന കാര്യത്തിൽ സംശയമുണ്ട്.

ഉന്നത നീതിപീഠം മുതൽ സകല മേഖലയും ഒരു പരിധിവരെ തങ്ങൾക്കനുകൂലമാക്കിയെടുത്ത സംഘ്പരിവാർ ശക്തികൾ ഇപ്പോൾ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് മേഖലയേയും സ്വാധീനിക്കുവാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത് എന്നു ചിന്തിക്കുന്നവരുമുണ്ട്. നോട്ടുനിരോധനവും പെട്രോളിയം വിലക്കയറ്റവും ചരക്കുസേവന നികുതിയും ഒക്കെക്കൊണ്ട് സാധാരണക്കാരെയും പാവപ്പെട്ടവരെയും ദുരിതത്തിലാഴ്ത്തി കോർപറേറ്റ് മുതലാളികൾക്ക് സർക്കാർ ഒത്താശ പാടുമ്പോൾ ഈ തീരുമാനം ആർക്കുവേണ്ടി എന്ന ചോദ്യം ബാക്കി നില്ക്കുന്നു. കോർപ്പറേറ്റ് അനുകൂല തീരുമാനങ്ങൾ കൈക്കൊള്ളുന്ന മോദി സർക്കാരിൽ കോർപ്പറേറ്റ് പ്രതിനിധികളെത്തന്നെ ഉദ്യോഗസ്ഥരാക്കി മാറ്റി അനുകൂല തീരുമാനമെടുപ്പിക്കാം എന്നതാണ് ഇപ്പോഴത്തെ നീക്കത്തിന്റെ ഫലമെന്നു നിരീക്ഷിക്കുന്നവരുമുണ്ട്. കേന്ദ്രത്തിലെ വകുപ്പുകളിലെ നിർണായക സ്ഥാനങ്ങളിൽ ആർ.എസ്.എസ് അനുഭാവികളെ കുടിയിരുത്തിയാൽ ഇനിയുള്ള കാലവും സർക്കാർ മാറിയാലും ഹിന്ദുത്വ അജണ്ട നടപ്പാക്കാൻ കഴിയും എന്ന തോന്നലാണ് ഭരണകൂടത്തിന്റെ ഈ തീരുമാനത്തിനു പിന്നിലെന്നു വിലയിരുത്തുന്നവരുമുണ്ട്.

നയരൂപവത്ക്കരണത്തിലും പദ്ധതികളുടെ നടത്തിപ്പിനും ഉന്നതോദ്യോഗസ്ഥരുടെ പങ്ക് നിർണായകമാണ്. അതിനു സഹായകരമായ ഭരണ പരിഷ്കാരങ്ങളെ സ്വാഗതം ചെയ്യേണ്ടതുണ്ട്. അവിടെ മുതലെടുപ്പും അഴിമതിയും സ്വജനപക്ഷപാതവുമൊക്കെ കടന്നുവന്നാൽ അതു രാജ്യത്തിനു വിപത്കരമാകും. അതു ഉണ്ടാകാതിരിക്കാൻ ജനങ്ങൾ ജാഗ്രത പുലർത്തുക തന്നെ വേണം.

# നെൽവയൽ തണ്ണീർത്തട നിയമം: വേണ്ടത് കൂടുതൽ ജാഗ്രത



നെൽവയൽ സംരക്ഷണവും തരിശുഭൂമി കൃഷി യോഗ്യമാക്കലും മുൻനിർത്തി, കേരള നെൽ വയൽ തണ്ണീർത്തട നിയമം സഭ പാസാക്കി യിരിക്കുകയാണ്. അതേ സമയം, സംസ്ഥാനത്തിന്റെ പൊതുവികസനം ലക്ഷ്യമാക്കി അതിലുൾപ്പെടുത്തിയിരിക്കുന്ന ചില വ്യവസ്ഥകൾ, നെൽവയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്താൻ വഴിയൊരുക്കിയേക്കാമെന്ന ആശങ്ക ഉയർത്തുന്നുണ്ട്.

പൊതു ആവശ്യത്തിനു നികത്താമെന്ന വ്യവസ്ഥയിൽ 'സർക്കാർ ആവശ്യത്തിനായി മാത്രം നികത്താം' എന്നു എടുത്തുപറയാത്തതുമൂലം ഭേദഗതി ദുരുപയോഗിക്കപ്പെടുമോ എന്നതാണു മുഖ്യ ആശങ്ക.

സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിൽ അഞ്ചു ശതമാനം മാത്രമായി ശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സ്വകാര്യ മുതലാളിമാർക്കായി നികത്തുകയാണു സർക്കാർ ലക്ഷ്യമെന്നാരോപിച്ച് പ്രതിപക്ഷം ബിൽ കീറിയെറിഞ്ഞു സഭ ബഹിഷ്കരിച്ചു.

കാർഷിക കേരളത്തെ സംബന്ധിച്ചും നമ്മുടെ പരിസ്ഥിതി സംബന്ധിച്ചും അതീവ നിർണായകമായ ഈ നിയമം കുറ്റമറ്റവിധം നടപ്പാക്കാൻ സർക്കാർ ജാഗരൂകമായേതീരൂ. പഴുതുകളുള്ള വകുപ്പു കൾ ചേർത്തു നിയമം വരുമ്പോൾ അതു ഭൂമിക്കു ചരമഗീത മായിക്കൂടാ. പൊതുസമൂഹവും പ്രത്യേകിച്ച് പരിസ്ഥിതി സ്നേഹികളും കൂടുതൽ ജാഗ്രത പുലർത്തണം.

**(കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)**

# ഉന്നത വിദ്യാഭ്യാസ രംഗത്തെ ഭേദഗതികൾ ആശങ്കാജനകം

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് രൂപംകൊടുത്ത യൂനിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷൻ (യു.ജി.സി.) പിരിച്ചു വിട്ട് ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപവത്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇതിനായി 1951-ലെ യു.ജി.സി. നിയമം പിൻവലിച്ച് ഹയർ എജുക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (എച്ച്.ഇ.സിഐ)ക്ക് രൂപം കൊടുക്കാനുള്ള പുതിയ നിയമത്തിന്റെ കരട് കേന്ദ്രം തയാറാക്കി മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ജൂലൈ ഏഴുവരെ ഭേദഗതി നിർദേശിക്കാമായിരുന്നു.

യു.ജി.സി നിയമം നവീകരിക്കുമെന്ന കഴിഞ്ഞ ബജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് ഉന്നത വിദ്യാഭ്യാസ കമ്മീഷൻ നിയമം കൊണ്ടു വരുന്നത്. അക്കാദമികരംഗത്തെ ഗുണ നിലവാരം മെച്ചപ്പെടുത്തുക യാണ് ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ദൗത്യം എന്ന് സർക്കാർ പറയുന്നു.

യു.ജി.സിക്കു പോരായ്മകളുണ്ടെങ്കിൽ ആ പ്രസ്ഥാനമേ ഇല്ലാതാക്കുകയല്ല, പോരായ്മകൾ പരിഹരിക്കുകയാണ് വേണ്ടത്. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത് ഇതുവരെ ഉയർന്ന ആവശ്യങ്ങൾ നിവർത്തിക്കുന്ന സമഗ്രമായൊരു സംവിധാനമല്ല. യു.ജി.സിയിൽനിന്നും ഗ്രാന്റ് അഥവാ ധനസഹായം ഊർത്തിയെടുക്കുകയാണ് ഫലത്തിൽ സംഭവിച്ചതെന്ന നിരീക്ഷണമുണ്ട്. ഇനിമുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നല്കുന്നത് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയമായിരിക്കും.

ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കാതെ പുതിയ സംവിധാനം വന്നിട്ട് കാര്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഗവേഷണ ഗുണനിലവാരം, അധ്യാപക നിയമനം, വിദ്യാർഥികൾക്കുള്ള സൗകര്യങ്ങൾ, കക്ഷി രാഷ്ട്രീയം, വർഗീയ അതിപ്രസരം എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ രാജ്യത്തെ സർവകലാശാലകളും കോളജുകളും പ്രതിസന്ധിയിലാണ്. ലോകത്തെ മികച്ച 200 സർവകലാ ശാലകളുടെ പട്ടികയിൽ ഇന്ത്യയിൽനിന്ന് ഒന്നുപോലുമില്ല.

നിലവിൽ യു.ജി.സി.ക്ക് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തുകൊണ്ട് കഴിഞ്ഞിരുന്നില്ല എന്ന് പരിശോധിക്കണം. പുതിയസമിതി വന്നാൽ മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് ഏതുതരത്തിലുള്ള പരിഹാരം കാണാൻ കഴിയുമെന്നും അറിയണം. അക്കാദമിക് സ്ഥാപനങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകരുത്. പുതിയ സമിതികൾ രൂപവത്കരിക്കുമ്പോൾ അതിൽ ഭരിക്കുന്ന പാർട്ടിയുടെ പ്രതിനിധികളെ നിയമിക്കുകയെന്ന രീതി മാറി, രാജ്യത്തെ അക്കാദമിക് അന്തരീക്ഷം അറിയുന്നവർ അംഗങ്ങളായി വരണം. വിദ്യാഭ്യാസ മേഖല ആരുടെയെങ്കിലും സ്വാർഥ താത്പര്യ സംരക്ഷണത്തിനോ മുതലെടുപ്പിനോ വേണ്ടിയാവരുത്, വിഭാഗീയ ചിന്തകൾക്കും വഴിയൊരുക്കുന്നതുമാവരുത്; അത് മനുഷ്യത്വത്തിന്റെയും നന്മയുടെയും ശാസ്ത്രീയതയുടെയും ഉറച്ച വേരുകളുള്ളതാവണം. അതിനു വിരുദ്ധമായ ഏതുനീക്കവും ശക്തമായി ചെറുക്കണം. അതിനുള്ള ജാഗ്രത അനിവാര്യമാണ്.

**(കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)**



# സ്ത്രീ സുരക്ഷയില്ലാത്ത രാജ്യങ്ങളിൽ ഇന്ത്യ ഒന്നാമത്

സ്ത്രീകൾ ഒട്ടും സുരക്ഷിതരല്ലാത്തതും, അപകടം നിറഞ്ഞതുമായ രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്ത്. ഇന്ത്യയിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങളും പീഡന വാർത്തകളും വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇത്തരത്തിലൊരു റിപ്പോർട്ട് പുറത്തു വന്നിരിക്കുന്നത്. ലോക മാധ്യമങ്ങളുടെ തലക്കെട്ടുകളിൽ നിറഞ്ഞ രണ്ടു ബലാത്സംഗ കേസുകളുണ്ടായി മാസങ്ങൾക്കകമാണു തോംസൺ റോയിട്ടേഴ്സ് ഫൗണ്ടേഷന്റെ സർവേ ഫലം പുറത്തുവന്നത്.

ജമ്മുകാശ്മീരിലെ കത്വയിൽ എട്ടു വയസ്സുകാരിയെ കൂട്ടബലാത്സംഗം ചെയ്തുകൊന്ന കേസും ഉത്തർപ്രദേശിലെ ഉന്നാവയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസിൽ ഭരണകക്ഷിയായ ബി.ജെ.പിയുടെ എം.എൽ.എ. ആരോപണവിധേയനായ കേസും ഏറെ കോളിളക്കമുണ്ടാക്കിയിരുന്നു. പ്രായപൂർത്തിയാകാത്തവർക്കെതിരെ ലൈംഗികാതിക്രമം കൂടുന്നുവെന്ന കണക്കുകളുടെ പ്രതിഫലനമായാണ് ഇവ കരുതപ്പെടുന്നത്. 2012-ൽ ഡൽഹിയിലുണ്ടായ രാജ്യത്തെ ഇളക്കിമറിച്ച 'നിർഭയ' സംഭവത്തിനുശേഷമാണ് ഇന്ത്യയിലെ സ്ത്രീസുരക്ഷയെപ്പറ്റി ചോദ്യമുയർന്നത്. ഈ സംഭവം രാജ്യത്തുടനീളമുള്ള പ്രക്ഷോഭങ്ങൾക്കു കാരണമായി. മനുഷ്യക്കടത്തിനെതിരെ തെരുവുനാടകം നടത്തിക്കൊണ്ടിരുന്ന അഞ്ചു സന്നദ്ധസംഘടനാ പ്രവർത്തകരെ ഒരു സംഘമാളുകൾ ചേർന്നു തോക്കിൻമുനയിൽ ബലാത്സംഗത്തിനിരയാക്കിയത് അധികം നാളുകളായിട്ടില്ല. കണ്ടെത്തലുകൾ ഈ 'യാഥാസ്ഥിതിക, പുരുഷാധിപത്യ രാജ്യത്തു' പെൺകുട്ടികളും സ്ത്രീകളും അതിഭീകരമായ ക്രൂരത നേരിടേണ്ടി വരുന്നുവെന്നു ഫൗണ്ടേഷൻ പറയുന്നു. ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുകൾപോലും യഥാർഥ പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നില്ലെന്ന് വിദഗ്ധർ പറയുന്നു. ബലാത്സംഗവും ലൈംഗികാതിക്രമവും അതിജീവിക്കുന്നവർ നീതിക്കുവേണ്ടി രംഗത്തിറങ്ങുമ്പോൾ പോലും പോലീസിൽ നിന്നും അഭിഭാഷകരിൽ നിന്നും ഡോക്ടർമാരിൽനിന്നും വരെ ക്രൂരതയ്ക്കിരയാവുന്നതായി അവർ പറയുന്നു. അപമാനം ഭയന്നും അധികാര കേന്ദ്രങ്ങളിൽ നിന്നുള്ള സമ്മർദം കാരണവും പലരും ഇക്കാര്യം പുറത്തു പറയുന്നില്ലെന്നു റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

മനുഷ്യക്കടത്താണു മറ്റൊരു വെല്ലുവിളി. 2016-ൽ പതിനയ്യായിരത്തോളം കേസുകൾ ഇന്ത്യയിലുണ്ടായി. അതിൽ മൂന്നിൽ രണ്ടു കേസുകളിലും ഇരകൾ സ്ത്രീകളാണ്. പലരും പ്രായപൂർത്തിയാകാത്തവർ. ലൈംഗികത്തൊഴിലിനും വീട്ടുവേലയ്ക്കുമായി വില്ക്കപ്പെട്ടവർ.

### ഇന്ത്യയെ മോശമാക്കിയ ആറു ഘടകങ്ങൾ

>> **ആരോഗ്യപരിപാലനം:** ഏറ്റവും മോശം രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം നാലാമതാണ്.

>> **ലിംഗവിവേചനം:** ഇന്ത്യയുടെ സ്ഥാനം ഏറ്റവും മോശം രാജ്യങ്ങളുടെ പട്ടികയിൽ മൂന്നാമതാണ്.

>> **പരമ്പരാഗത ആചാരങ്ങൾ:** ഈ വിഭാഗത്തിലെ മോശം പ്രകടനമാണ് ഇന്ത്യയെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിൽ നിർണായക പങ്കു വഹിച്ചത്.

>> **ലൈംഗികാതിക്രമം:** ഇന്ത്യയുടെ സ്ഥാനം ഏറ്റവും മോശം രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമതാണ്.

>> **ലൈംഗികേതര അതിക്രമം:** ഏറ്റവും മോശം രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്.

>> **മനുഷ്യക്കടത്ത്:** ഇന്ത്യ ഏറ്റവും മോശം രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാമതാണ്. **(മാതൃഭൂമി, 27/6/2018)**

## കോളേജുകളിൽ രാഷ്ട്രീയ സംഘടന നിയമ നിർമ്മാണ നടപടിയിൽ നിന്നു സർക്കാർ പിന്മാറണം

**കെസിബിസി വിദ്യാഭ്യാസകമ്മീഷൻ**

കോളേജുകളിൽ രാഷ്ട്രീയ സംഘടനാപ്രവർത്തനങ്ങൾ അനുവദിക്കുന്നതിനുള്ള നിയമനിർമ്മാണത്തിൽ നിന്നും സർക്കാർ പിന്മാറണമെന്ന് കാത്തലിക് കോളേജ് മാനേജേഴ്സ് കൺസോർഷ്യം ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ കോടതിയിൽ എത്തിയിട്ടുള്ള നിരവധി കേസുകളിൽ കോളേജു ക്യാമ്പസുകളിൽ രാഷ്ട്രീയം നിരോധിച്ചു കൊണ്ടുള്ള ഉത്തരവുകളാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ സുപ്രീം കോടതി നിയോഗിച്ച ലിങ്ദോ കമ്മിറ്റിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് കോളേജുകളിൽ ഇപ്പോൾ തെരഞ്ഞെടുപ്പു നടപടികൾ നടക്കുമ്പോൾ അതിനു വിരുദ്ധമായി സംസ്ഥാനതലത്തിൽ നിയമനിർമ്മാണം നടത്തുന്നതിന്റെ നിയമസാധുതയും പരിശോധിക്കേണ്ടതായിട്ടുണ്ട്. രാഷ്ട്രീയം കോളേജ് ക്യാമ്പസിൽ അനുവദിക്കുവാനുള്ള ആലോചന സർക്കാർ തുടങ്ങിയപ്പോൾ തന്നെ എറണാകുളം മഹാരാജാസ് കോളേജിൽ നടന്ന നിഷ്ഠുരമായ കൊലപാതകം നമ്മുടെ കോളേജുകൾ പക്വമായ രാഷ്ട്രീയ പ്രവർത്തനത്തിന് ഇനിയും സജ്ജമായിട്ടില്ല എന്ന വ്യക്തമായ സൂചനയായി സർക്കാർ തിരിച്ചറിയണം. കോളേജുകളിൽ കക്ഷി രാഷ്ട്രീയം ഇല്ലാത്തതുകൊണ്ടാണ് വർഗ്ഗീയ ശക്തികളുടെ അതിപ്രസരമെന്ന രാഷ്ട്രീയ പാർട്ടികളുടെ അവകാശവാദത്തെ തള്ളിക്കളയുന്നതാണ് രാഷ്ട്രീയപ്രവർത്തനം വിപുലമായ രീതിയിൽ നടപ്പിലാക്കിയിരുന്ന മഹാരാജാസ് കോളേജിലുണ്ടായ ഈ സംഭവം. ഇപ്പോൾ സാമാന്യം സമാധാനാന്തരീക്ഷത്തിലുള്ള കോളേജ് ക്യാമ്പസുകളെ അക്രമ കലുക്ഷിതമാക്കുവാനും പഠിക്കുവാനാഗ്രഹിക്കുന്ന യുവതലമുറയെ വഴിയാധാരമാക്കുവാനും മാത്രമേ സർക്കാരിന്റെ ഈ നടപടി ഉപകരിക്കൂ എന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് പ്രസ്താവിച്ചു.

വർഷങ്ങളായി ഉന്നത വിദ്യാഭ്യാസപ്രവർത്തനങ്ങളെ നിയന്ത്രിച്ചിരുന്ന സ്വതന്ത്ര ഏജൻസിയായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിറുത്തലാക്കിക്കൊണ്ട് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ ആശങ്കയുളവാക്കുന്നതാണെന്നും കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അപകടകരമായ നടപടിയാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ഈ നടപടിയെക്കുറിച്ചുള്ള ആശങ്കകൾ ഗവൺമെന്റിനെ അറിയിക്കുവാൻ സമ്മേളനത്തിൽ തീരുമാനിച്ചു. **(5/7/2018)**

## ഇന്ത്യയിൽ ക്രൈസ്തവരായി ജീവിക്കാനുള്ള മൗലികാവകാശത്തെ ചോദ്യം ചെയ്യുന്ന പ്രസ്താവന അപകടകരം: കെസിബിസി ഐക്യജാഗ്രതാസമിതി

ക്രൈസ്തവർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ലെന്നും അവർ ബ്രിട്ടീഷുകാരാണെന്നുമുള്ള മുംബൈയിലെ ബിജെപി എം.പിയുടെ പ്രസ്താവന ക്രൈസ്തവ സമൂഹത്തെ അധിക്ഷേപിക്കുന്നതാണ്. സ്വാതന്ത്ര്യ സമരസേനാനികളായ അക്കാമ്മ ചെറിയാൻ, ജോർജ് ജോസഫ്, എ.ജെ. ജോൺ, കെ.ഇ. മാമ്മൻ, വർഗീസ് ചെറിയാൻ, ആനി മസ്ക്രിൻ തുടങ്ങിയ ക്രിസ്ത്യൻ നേതാക്കളോടുള്ള അവഹേളനവും അവരുടെ സംഭാവനകളെ തമസ്ക്കരിക്കുന്നതുമാണിത്. സമൂഹത്തിൽ എന്നും വിദ്യാഭ്യാസ, സാമൂഹ്യ സുരക്ഷാ മേഖലകളിൽ ഉദാരമായ പ്രവർത്തനങ്ങൾ നടത്തി ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവരുടേയും സമുദ്ധാരണത്തിനുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ സമൂഹത്തെ ഒറ്റപ്പെടുത്തുവാനും സ്വാതന്ത്ര്യസമര ചരിത്രത്തെ വളച്ചൊടിക്കാനുള്ള നീക്കത്തിന്റെ ഭാഗമായേ ഇതിനെ കാണാൻ സാധിക്കൂ. മതസ്പർദ്ധയും വർഗ്ഗീയതയും വളർത്താനുള്ള തല്പര കക്ഷികളുടെ ഗൂഢശ്രമത്തിന്റെ ഭാഗമാണിതെന്ന് ജനാധിപത്യബോധമുള്ള പൊതുസമൂഹം തിരിച്ചറിയണം. ഈ പരാമർശം ഇന്ത്യയിൽ ക്രൈസ്തവരായി ജീവിക്കാനുള്ള മൗലികാവകാശത്തെപ്പോലും ചോദ്യം ചെയ്യുന്നതാണ്. തെറ്റിദ്ധാരണ ജനിപ്പി ക്കുന്നതും വസ്തുതാവിരുദ്ധവും ഒരു സമുദായത്തെ മുഴുവൻ ആക്ഷേപിക്കുന്നതുമായ ഇത്തരം പ്രസ്താവനകൾ നടത്തുന്നവർ മറ്റ് എന്തോ അജണ്ട നടപ്പാക്കുവാനല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## ഭരണഘടനയിലെ മതേതരത്വ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം: കെ.സി.എഫ്

**കൊച്ചി:** രാജ്യത്ത് സമീപകാലത്ത് വർധിച്ചുവരുന്ന മതേതരത്വ ജനാധിപത്യ മൂല്യങ്ങൾക്കു നിരക്കാത്ത പ്രവർത്തനങ്ങൾ അധികാരികളുടെ ഒത്താശയോടുകൂടിയാണെന്ന് സംശയിക്കുന്നതായി കേരള കാത്തലിക് ഫെഡറേഷൻ വിലയിരുത്തി. ഭരണഘടന അനുശാസിക്കുന്ന മതേതരത്വ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടവർ കൈക്കൊള്ളുന്ന അനാസ്ഥയിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. ജുഡീഷ്യറിയെ നോക്കുകുത്തിയാക്കിക്കൊണ്ട് മതേതരത്വത്തെയും ജനാധിപത്യത്തെയും കശാപ്പു ചെയ്യാൻ കാട്ടുന്ന ഭരണകൂട പിന്തുണയുള്ള രഹസ്യനീക്കങ്ങളെ തടയുവാൻ ഓരോ ഭാരതീയനും കടമയുണ്ട്. കേരള കത്തോലിക്കാസഭയുടെ അല്മായ സംഘടനയായ കേരള കാത്തലിക് ഫെഡറേഷന്റെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ സംസ്ഥാന നേതൃസംഗമം പാലാരിവട്ടത്ത് പി.ഒ.സി.യിൽ വച്ച് പ്രസിഡന്റ് പി.കെ. ജോസഫിന്റെ അധ്യക്ഷതയിൽ കൂടി. നേതൃസംഗമം കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഭരണഘടന - ജനാധിപത്യം മതേതരത്വം ന്യൂനപക്ഷ അവകാശം എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സിമ്പോസിയത്തിൽ ജസ്റ്റീസ് സിറിയക് ജോസഫ്,

ഡോ. സെബാസ്റ്റ്യൻ പോൾ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പി.ഒ.സി. ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട് മോഡറേറ്ററായിരുന്നു. കേരള കാത്തലിക് ഫെഡറേഷന്റെ കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നീ മേഖലാ സമിതികളുടെ രൂപീകരണം നടന്നു. സമ്മേളനത്തിൽ അഡ്വ. വർഗീസ് കോയിക്കര, അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, ബിജു പറയന്നിലം, ആന്റണി നെറോണ, മോൻസൻ കെ. മാത്യു, ഡേവിഡ് തുളുവത്ത്, മേരി കുര്യൻ, സജി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. **(27/6/2018)**

## റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ കെ.എസ്. ആർ ഭേദഗതി: നീക്കം ഉപേക്ഷിക്കണം

എയ്ഡഡ് സ്കൂൾ അധ്യാപകരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വെട്ടിക്കുറച്ച സംസ്ഥാന സർക്കാരിന്റെ നടപടി വഞ്ചനാപരമാണെന്ന് കൊച്ചിയിൽ ചേർന്ന സംസ്ഥാന തല അധ്യാപകയോഗം കുറ്റപ്പെടുത്തി. അധ്യാപകരുടെ ഹ്രസ്വകാല അവധി ഒഴിവുകൾ (ബ്രോക്കൺ സർവ്വീസ്) ഇനി മുതൽ പെൻഷന് പരിഗണിക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവിന്റെ സാഹചര്യത്തിൽ ഭാവിപരിപാടികളെ കുറിച്ച് ആലോചിക്കുന്നതിന്, ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിലായിരുന്നു അധ്യാപകയോഗം വിളിച്ചുചേർത്തത്. സർക്കാർ നീക്കത്തിനെതിരെ ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും സമരപരിപാടികൾ സംഘടിപ്പിക്കാനും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കാനും യോഗം തീരുമാനിച്ചു. **(19/6/2018)**

## ഞായറാഴ്ചകളിലെ പി.എസ്.സി പരീക്ഷകൾ മാറ്റിവെക്കണം: കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ ഞായറാഴ്ചകളിൽ നടത്താനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

നിലവിലുള്ള കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായി ഞായറാഴ്ചകളിൽ പി.എസ്.സി. പരീക്ഷകൾ നടത്താനുള്ള തീരുമാനത്തെ തുടർന്ന് ജൂലൈ 22, ആഗസ്റ്റ് 5 എന്നീ ഞായറാഴ്ചകളിൽ ഇതിനകം പരീക്ഷകൾ പ്രഖ്യാപിച്ചിട്ടുണ്ട്. **(21/6/2018)**

## കേരളസർവ്വകലാശാല നിയമം: സ്വകാര്യ മാനേജർമാരുടെ പ്രാതിനിധ്യം വെട്ടിക്കുറയ്ക്കരുത്; കെസിബിസി

**കൊച്ചി:** കേരളസർവ്വകലാശാലയുടെ ഭരണസമിതിയിൽ നിന്നും സ്വകാര്യ കോളേജ് മാനേജർമാരുടെ പ്രാതിനിധ്യം വെട്ടിക്കുറയ്ക്കുവാനുള്ള നിയമഭേദഗതിയിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ആവശ്യപ്പെട്ടു.

കേരള സർവ്വകലാശാലയുടെ ഭരണസമിതിയിൽ 1974 – ൽ നിലവിൽ വന്ന നിയമമനുസരിച്ച് സ്വകാര്യ മാനേജർമാരുടെ 4 പ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നു. എന്നാൽ 2018–ൽ നിയമസഭയിൽ അവതരിപ്പിച്ച ഭേദഗതിയിൽ ഈ പ്രാതിനിധ്യം നാലിൽ നിന്ന് ഒന്നായി പരിമിതപ്പെടുത്തിയിരിക്കുന്നു. 1974–ൽ ഉള്ളതിനേക്കാൾ സ്വകാര്യ കോളേജുകളുടെ എണ്ണം പ്രൊഫഷണൽ കോളേജുകളുൾപ്പെടെ പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ മാനേജർമാരുടെ പ്രാതിനിധ്യവും പങ്കാളിത്തവും ആനുപാതികമായി വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ ഈ മേഖലയിൽ നിർണ്ണായകമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന സ്വകാര്യ മാനേജർമാരുടെ പ്രാതിനിധ്യം മറ്റു വിശദീകരണങ്ങളൊന്നുമില്ലാതെ ഭേദഗതി ബില്ലിലെ 17-ാം വകുപ്പിലെ 11-ാം ഉപവകുപ്പുപ്രകാരം വെട്ടിക്കുറച്ചിരിക്കുന്ന നടപടി ദുരുദ്ദേശപരമാണ്. സർക്കാരിന്റെ ഈ നടപടി പുന:പരിശോധിച്ച് സ്വകാര്യ മാനേജർമാർക്ക് അർഹമായ പ്രാതിനിധ്യം നിലനിറുത്തണമെന്ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന കെസിബിസി സമ്മേളനം ആവശ്യപ്പെട്ടു. **(6/6/2018)**

## അദ്ധ്യാപകനിയമന പ്രതിസന്ധി പരിഹരിക്കാതെ പുതിയ അദ്ധ്യയനവർഷം: കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

**കൊച്ചി:** 2018–19 അദ്ധ്യയനവർഷം ആരംഭിക്കുന്നത് സ്വകാര്യ വിദ്യാഭ്യാസമേഖലയിൽ അദ്ധ്യാപകനിയമനവുമായുള്ള നിരവധി പ്രതിസന്ധികൾ പരിഹരിക്കാത്ത അവസ്ഥയിലാണ്. സംരക്ഷിത അദ്ധ്യാപകനിയമനത്തിന്റെ പേരിൽ "പഴയ സ്കൂൾ - പുതിയ സ്കൂൾ" വ്യത്യാസമില്ലാതെ അദ്ധ്യാപകനിയമനങ്ങൾ വ്യാപകമായി തടസ്സപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയിരുന്ന അർഹമായ സ്ഥലം മാറ്റങ്ങൾ പോലും തടസ്സപ്പെടുത്തി മാസങ്ങളായി ശമ്പളം തടസ്സപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ അസ്വസ്ഥമായ നൂറുകണക്കിന് അദ്ധ്യാപകരുടെ സാന്നിദ്ധ്യം പൊതു വിദ്യാഭ്യാസശാക്തീകരണമെന്ന പൊതു ദൗത്യത്തെ തന്നെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുക. സംരക്ഷിത അദ്ധാപകനിയമനത്തിനെതിരെ കോടതികളിൽ നിലനില്ക്കുന്ന കേസുകളുടെ പേരിൽ അനുവദനീയമായ നിയമനങ്ങൾ പോലും അംഗീകരിക്കാത്ത നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിക്കുക. കോർപ്പറേറ്റ് മാനേജുമെന്റുകളിൽ അദ്ധ്യാപകർക്കും മാനേജ്മെന്റിനും വളരെ ആവശ്യമായ സ്ഥലംമാറ്റങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. അംഗീകരിക്കപ്പെടാത്ത ഒത്തിരിയേറെ നിയമനങ്ങൾ നിലനില്ക്കുമ്പോൾ നിലവിലുള്ള ഒഴിവുകളിലേക്കു പോലും അദ്ധ്യാപകരെ നിയമിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അൺ ഇക്കണോമിക് സ്കൂളുകൾ തുടരുവാനനുവദിക്കുമ്പോഴും അവിടെ ദിവസവേതനാടിസ്ഥാനത്തിൽ പോലും അദ്ധ്യാപകരെ നിയമിക്കുവാൻ സാധിക്കുന്നില്ല. ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് പ്രഖ്യാപിക്കുമ്പോഴും ഈ അവകാശങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി മാനേജർമാർ കോടതികളെ നിരന്തരം ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ സംശയിക്കുവാൻ ഇടയാക്കിയിരിക്കുകയാണ്. **(31/5/2018)**

# കെസിബിസി പ്രസ്താവനകൾ, വാർത്തകൾ

### 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ': പി.ഒ.സി.യിൽ പഠനശിബിരം നടത്തി




**കൊച്ചി:** 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കി 2018 ജൂലൈ 2-ാം തീയതി പാലാരിവട്ടം പി.ഒ.സി.യിൽ ഏകദിന പഠനശിബിരം നടത്തി. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' അപ്പസ്തോലിക പ്രബോധനത്തിന്റെ കേരള കത്തോലിക്കാസഭയുടെ ഔദ്യോഗികവിവർത്തനത്തിന്റെ പ്രകാശനം ആലപ്പുഴ രൂപത സഹായമെത്രാൻ ഡോ. ജെയിംസ് ആനാപറമ്പിൽ നിർവഹിച്ചു.

ഫ്രാൻസിസ് പാപ്പയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ സന്ദേശങ്ങളുടെ സമാഹാരമായാണ് അപ്പസ്തോലിക പ്രബോധനം കണക്കാക്കപ്പെടുന്നത്. അപ്പസ്തോലിക പ്രബോധനത്തിന്റെ ആഴത്തിലുള്ള പഠനം ലക്ഷ്യമാക്കി ജൂൺ 15, 16, 17 തിയതികളിൽ ത്രിദിന സെമിനാറും സംഘടിപ്പിച്ചു. **(2/6/2018)**

### ഫലസമൃദ്ധി: ഫലവൃക്ഷത്തൈ വിതരണത്തിനു തുടക്കമായി



**കൊച്ചി:** ദീപിക ദിനപത്രം, മിജാർക്ക്, കെസിവൈഎം, ഹോംഗ്രോൺ ബയോടെക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഫലസമൃദ്ധി 2018 പദ്ധതിയുടെ ഭാഗമായുള്ള ഫലവൃക്ഷത്തൈ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി. യിൽ നടന്നു. സംസ്ഥാന വൃക്ഷമായി പ്രഖ്യാപിക്കപ്പെട്ട പ്ലാവിന്റെ തൈകൾ കേരളത്തിലെ എല്ലാ രൂപതകളുടെയും മെത്രാന്മാർക്കു വിതരണം ചെയ്തായിരുന്നു ഉദ്ഘാടനം. **(7/6/2018)**

### കെ.സി.എസ്.എൽ ആനിമേറ്റർമാരുടെ സംഗമവും അവാർഡ് ദാനവും

**കൊച്ചി:** സാമൂഹിക നന്മകൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളും യുവതീയുവാക്കളും പങ്കാളികളാകണമെന്ന് ആർച്ചുബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ. കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ സംസ്ഥാന തലത്തിലുള്ള ആനിമേറ്റർമാരുടെ സംഗമവും അവാർഡ് ദാന സമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുക യായിരുന്നു അദ്ദേഹം.



സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ സ്വാഗതം പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പി.ഒ.സി. ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട്. അഡ്വ. ചാർളി പോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദീപിക ചിൽഡ്രൻസ് ലീഗ് സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ രചിച്ച പഠന പുസ്തകവും ഫാ. തോംസൺ പഴയചിറപീടികയിൽ രചിച്ച "വെൺമഞ്ഞു പോലൊരു മഹാവിശുദ്ധൻ' എന്ന പുസ്തകവും പ്രകാശനം ചെയ്തു.

സംസ്ഥാന അധ്യാപക അവാർഡുകൾ ആലപ്പുഴ രൂപതയുടെ ജോസി ബാസ്റ്റ്യനും കോട്ടപ്പുറം രൂപതയുടെ സി. ലിസി ദേവസിക്കും ആർച്ചു ബിഷപ്പ് സമ്മാനിച്ചു. സിറിയക്ക് നരിതൂക്കിൽ, മനോജ് ചാക്കോ വടക്കേമുറി എന്നിവർ പ്രസംഗിച്ചു. ജോസഫ് മാത്യു, സെബാസ്റ്റ്യൻ വി.വി, ജോജി എം. വർഗീസ്, സി. മോളി ദേവസി, എൽസി ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. **(12/6/2018)**

### സാമൂഹ്യ ശുശ്രൂഷകർ സുസ്ഥിര വികസനത്തിനായി പ്രവർത്തിക്കണം: മാർ മാത്യു മൂലക്കാട്ട്

**കോട്ടയം:** ജീവിതസാക്ഷ്യത്തിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും സുസ്ഥിര വികസനം സാധ്യമാക്കുവാൻ സാമൂഹ്യ ശുശ്രൂഷകർ മുൻഗണന നല്കണമെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ആഭിമുഖ്യത്തിലുള്ള കേരള സോഷ്യൽ സർവീസ് ഫോറം അടിച്ചിറ ആമോസ് സെന്ററിൽ സംഘടിപ്പിച്ച 32 രൂപതകളിലെ സാമൂഹ്യ ശുശ്രൂഷകരുടെ നേതൃസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ മാത്യു മൂലക്കാട്ട്. കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് അധ്യക്ഷത വഹിച്ചു. **(ദീപിക, 20/6/2018)**

## കുമ്പസാരത്തിനെതിരായ നീക്കം മതസ്വാതന്ത്ര്യത്തിനെതിരേയുള്ള കടന്നുകയറ്റം

### കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

കൊച്ചി: ഒരു വിഭാഗം ക്രൈസ്തവർ പരിപാവനമായി വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്ന കുമ്പസാരത്തെ അപഹസിക്കുകയും സമൂഹമധ്യത്തിൽ താറടിക്കുകയും മതവികാരത്തെ വ്രണപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള പ്രസ്താവനകൾ സർക്കാരിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ നടത്തുന്നത് വേദനാജനകമാണ്. വിശ്വാസം ജീവിക്കാനും പാലിക്കാനും ഭരണഘടന ഉറപ്പുനല്കുന്ന പൗരാവകാശത്തിന്മേലുള്ള ഒരു കടന്നു കയറ്റം കൂടിയാണ് നിർഭാഗ്യവശാൽ വനിതാകമ്മീഷൻ അധ്യക്ഷയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്.

രണ്ടായിരത്തോളം വർഷങ്ങളായി ലോകമാസകലമുള്ള കോടിക്കണക്കിനു വിശ്വാസികൾ ആത്മീയമായും മാനസികമായും ആശ്വാസപ്രദമെന്നും രക്ഷാകരമെന്നും അനുഭവിച്ചറിയുന്ന കുമ്പസാരം എന്ന കൂദാശ നിരോധിക്കണമെന്ന് ദേശീയ വനിതാകമ്മീഷൻ അധ്യക്ഷ ശുപാർശ ചെയ്തതിനു പിന്നിൽ വർഗീയവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളുണ്ടെന്ന് സംശയിച്ചാൽ കുറ്റപ്പെടുത്താനാവില്ല. സ്വന്തം ജീവൻ ബലികൊടുത്തും കുമ്പസാരരഹസ്യം കാത്തുസൂക്ഷിച്ച പുരോഹിതരുടെ പാരമ്പര്യമാണ് സഭയ്ക്കുള്ളത്. അടുത്ത കാലത്തുണ്ടായതായി ആരോപിക്കപ്പെടുന്ന സംഭവങ്ങളുടെ നിജസ്ഥിതിയിൽ നീതിപൂർവകമായ എല്ലാത്തരം അന്വേഷണങ്ങളോടും സഭാസംവിധാനങ്ങൾ പൂർണമായും സഹകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കത്തോലിക്കാസഭയ്ക്ക് തുറന്ന സമീപനമാണുള്ളത്. ഓർത്തഡോക്സു സഭയും അന്വേഷണങ്ങളോടു സഹകരിക്കുന്നതായാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണങ്ങളിൽ ദേശീയ വനിതാ കമ്മീഷന് തൃപ്തിയില്ലെങ്കിൽ, അത് ഉത്തരവാദപ്പെട്ടവരെ ചൂണ്ടിക്കാണിക്കുന്നതിനുള്ള അധികാരം വനിതാക്കമ്മീഷനുണ്ട്. എന്നാൽ കുമ്പസാരം നിരോധിക്കണം എന്നു തുടങ്ങിയ നിർദേശങ്ങളുടെ ഉദ്ദേശ്യശുദ്ധിയിൽ സഭയ്ക്കു സംശയമുണ്ട്. കുമ്പസാരത്തെ ക്രൈസ്തവ വിശ്വാസത്തിന്റെയോ ആരാധനാജീവിതത്തിന്റെയോ ഭാഗമായി കരുതാത്ത ക്രിസ്തീയ വിഭാഗങ്ങളുണ്ട്. അവരുടെ വിശ്വാസ സ്വാതന്ത്ര്യത്തെ കത്തോലിക്കാസഭ മാനിക്കുന്നു. എന്നാൽ, പൗരാണിക ക്രൈസ്തവസഭകളായ കത്തോലിക്കാ - ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളുടെ വിശ്വാസാരാധനകളുടെ ഭാഗമായ കുമ്പസാരവും മറ്റു കൂദാശകളും പവിത്രമായി പാലിക്കാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ മാനിക്കാൻ ഭരണാധികാരികൾക്ക് ഭരണഘടനാപരമായ കടമയുണ്ട്.

കേരളത്തിലെ രണ്ടു വ്യത്യസ്ത സഭകളിൽ സംഭവിച്ചതായി ആരോപണമുയർന്ന രണ്ടു വ്യത്യസ്ത സംഭവങ്ങളിൽ വനിതാകമ്മീഷൻ അധ്യക്ഷ അന്വേഷണം നടത്തിയതായാണ് അറിയുന്നത്. എന്നാൽ അവരുടെ ശുപാർശകൾ പ്രസ്തുത അന്വേഷണങ്ങളുടെ റിപ്പോർട്ട് എന്നതിനെക്കാൾ ക്രിസ്തീയ വിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും എതിരേയുള്ള ഒരു നീക്കമായാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ക്രിസ്തീയ വിശ്വാസത്തിനും ക്രൈസ്തവസമുദായത്തിനും പ്രസ്ഥാനങ്ങൾക്കുമെതിരേയുള്ള ഇത്തരം നീക്കങ്ങൾ ഭരണകൂടസ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് അത്യന്തം ആശങ്കാജനകമാണെന്ന് കെസിബിസി ആസ്ഥാനത്തുചേർന്ന ഐക്യജാഗ്രതാ സമിതിയുടെ അടിയന്തിര യോഗം വിലയിരുത്തി. **(26/7/2018)**

## കുട്ടനാടിന്റെ കണ്ണീരൊപ്പാൻ



കേരളത്തിലെ മഴക്കെടുതിയിൽ ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ജനതയായി കുട്ടനാട്ടുകാർ മാറിയിരിക്കുന്നു. പേമാരിയും കിഴക്കൻ മലകളിൽ നിന്നുള്ള മലവെള്ളവുംകൊണ്ട് കുട്ടനാട്ടിൽ ജനജീവിതം സ്തംഭിച്ചിരിക്കയാണ്. മാസങ്ങൾ കഴിഞ്ഞാലും ഈ ദുരിതത്തിൽനിന്നു കരകയറുക പ്രയാസംതന്നെയാണ്. കുട്ടനാടിനിപ്പോൾ വേണ്ടത് യുദ്ധകാലാടിസ്ഥാനത്തിലുള്ള സഹായങ്ങളാണ്. കാത്തുനില്ക്കാൻ കുട്ടനാടിന്റെ മുന്നിൽ ഇനി സമയമേയില്ല.

ദുരിതത്തിൽ വലയുന്നവർക്ക് സഹായഹസ്തവുമായി സർക്കാരും സന്നദ്ധസംഘടനകളും യുദ്ധകാല അടിസ്ഥാനത്തിൽ രംഗത്തുണ്ട്. രൂപതാമേലദ്ധ്യക്ഷന്മാരുടെയും, സന്യാസസഭയുടെ മേജർ സുപ്പീരിയേഴ്സിന്റെയും മറ്റും നേതൃത്വത്തിൽ ദുരന്തത്തിൽപ്പെട്ടവർക്കുവേണ്ടി കൂട്ടായ്മയോടെ നടത്തുന്ന പ്രവർത്തനങ്ങൾ തികച്ചും ശ്ലാഘനീയമാണ്. ഇതു സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സാക്ഷ്യമാണ്. വെള്ളപ്പൊക്ക ദുരിതമേഖലകളായ തകഴി, കൈനകരി, അറുനൂറ്റിൻ പാടം, വേഴപ്ര പ്രദേശങ്ങളിൽ സി.എം.സി സന്യാസിനി സമൂഹത്തിലെ പതിനാലോളം ഡോക്ടർമാരായ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് പ്രത്യേകം ശ്രദ്ധേയമാണ്.

കുട്ടനാടിന്റെ പാരിസ്ഥിതിക പ്രത്യേകതകളും കർഷകർ നേരിട്ടിരുന്ന വെള്ളപ്പൊക്കവും മടവീഴ്ചയും പോലുള്ള പ്രശ്നങ്ങൾക്കും പരിഹാരമായാണ് കുട്ടനാട് പാക്കേജ് കൊണ്ടുവന്നത്. കുട്ടനാട്ടിലെ ജനങ്ങളും കർഷകരും ഏറെ പ്രതീക്ഷയോടെ നോക്കിയിരുന്ന കുട്ടനാട് പാക്കേജ് സമ്പൂർണ പരാജയമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ ബന്ധപ്പെട്ടവർ ഇനിയെങ്കിലും തയ്യാറാവണം.

### മതനിരപേക്ഷത സംരക്ഷിക്കുന്നതു പൊതുവിദ്യാലയങ്ങൾ: മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം**: സമൂഹത്തിലെ മതനിരപേക്ഷത സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒരു വിധത്തിലുള്ള ഭിന്നതയും കുട്ടികളുടെ ഇടയിൽ ഈ സ്ഥാപനങ്ങളിൽ ഇല്ല. പുതുഅധ്യയനവർഷത്തിലെ സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നെടുമങ്ങാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു. (**ദീപിക**, 2/6/2018)

### കാണ്ടമാൽ: ജൂഡീഷ്യൽ സംവിധാനത്തിന്റെ പരാജയം: ജസ്റ്റിസ് സിറിയക് ജോസഫ്

**കൊച്ചി**: കാണ്ടമാൽ കലാപത്തിന് കാരണമായ സ്വാമി ലക്ഷ്മണാനന്ദയുടെ വധത്തിൽ പ്രതികളാക്കപ്പെട്ട പ്രത്യേക കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ച ഏഴ് ക്രൈസ്തവരുടെ അപ്പീൽ കേൾക്കുന്നത് നീട്ടിക്കൊണ്ടുപോകുന്ന ഒഡീഷ ഹൈക്കോടതിയുടെ നടപടി ജൂഡീഷ്യൽ സംവിധാനത്തിന്റെ പരാജയമാണെന്ന് മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സിറിയക് ജോസഫ് മാധ്യമപ്രവർത്തകനായ ആന്റോ അക്കരയുടെ 'ഹൂ കിൽഡ് സ്വാമി ലക്ഷ്മണാനന്ദ' എന്ന പുസ്തകത്തിന്റെ സംഗ്രഹിച്ച മലയാളം പരിഭാഷയായ 'നിരപരാധികൾ തടവറയിൽ' പ്രകാശനം ചെയ്യുന്ന ചടങ്ങിലാണ് ജസ്റ്റിസ് സിറിയക് ജോസഫ് കാണ്ടമാലിലെ നീതി നിഷേധത്തിനെതിരെ രംഗത്ത് എത്തിയത്. പലകാരണങ്ങൾ കൊണ്ട് അപ്പീൽ കേൾക്കുന്നത് വൈകാമെങ്കിലും ഇവിടെ കാരണം കൂടാതെ അപ്പീൽ കേൾക്കാൻ വൈകുന്നത് ബോധപൂർവമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. (**ദീപിക**, 5/6/2018)

### ഉത്തരേന്ത്യയിൽ നിന്നു കേരളത്തിലേക്ക് അനാഥക്കുട്ടികളുടെ വരവ് കൂടുന്നു

**കൊച്ചി**: ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിലേക്കു അനാഥക്കുട്ടികളുടെ വരവ് ഗണ്യമായി ഉയർന്നു. പ്രതിവാരം കേരളത്തിലേക്കെത്തുന്ന അനാഥക്കുട്ടികളുടെ എണ്ണം ശരാശരി 10 മുതൽ 15 വരെയാണെന്നാണു ശിശുക്ഷേമ രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ വിലയിരുത്തൽ. നേരത്തെ ഇതു പത്തിൽ താഴെയായിരുന്നു. (**ദീപിക**, 10/6/2018)

### ലോകം ശുദ്ധോർജത്തിലേക്കു മാറണം: ഫ്രാൻസിസ് മാർപാപ്പ

**വത്തിക്കാൻ സിറ്റി**: കാലാവസ്ഥാവ്യതിയാനം മനുഷ്യവർഗത്തിന്റെ നാശത്തിനുതന്നെ കാരണമായേക്കാമെന്നും ലോകം ശുദ്ധ ഊർജത്തിലേക്കു മാറണമെന്നും ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. വത്തിക്കാനിൽ സംഘടിപ്പിച്ച എണ്ണക്കമ്പനി മേധാവികളുടെ ദ്വിദിന യോഗത്തിന്റെ അവസാനം സംസാരിക്കുകയായിരുന്നു അദ്ദേഹം. (**ദീപിക**, 10/6/2018)

### വിവാഹതർക്കങ്ങൾ ദുരന്തങ്ങളാകുന്നതിൽ ആശങ്ക: ഹൈക്കോടതി

**കൊച്ചി**: വിവാഹത്തർക്കങ്ങൾ അക്രമങ്ങളിലും കൊലപാതകങ്ങളിലും കലാശിക്കുന്നതു വേദനയുളവാക്കുന്നതാണെന്ന് ഹൈക്കോടതി. സമീപ കാലത്തു നാട്ടിൽ നടക്കുന്ന ഇത്തരം സംഭവങ്ങളിൽ ആശങ്കപ്പെടാതെ വയ്യെന്നും കോടതി വ്യക്തമാക്കി. പ്രണയവിവാഹിതയായ പത്തൊൻപതുകാരിക്കു ഭർത്താവിന്റെ ഭീഷണിയിൽനിന്നു പൊലീസ് സംരക്ഷണം അനുവദിച്ചു കൊണ്ടാണു ഡിവിഷൻ ബെഞ്ചിന്റെ പരാമർശം. (**മലയാള മനോരമ**, 14/6/2018)

### ലേബലിങ് ആൻഡ് ഡിസ്പ്ലേ നിയമം ദേശവിരുദ്ധം

സർക്കാർ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ലേബലിങ് ആൻഡ് ഡിസ്പ്ലേ നിയമം ദേശീയ- പൊതുജനാരോഗ്യ- ശാസ്ത്ര-ജനാധിപത്യ വിരുദ്ധമാണ്. ഇന്ത്യയുടെ ഭക്ഷ്യ പരമാധികാരവും പൈതൃകവും സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെടുകയും നല്ല ഭക്ഷണത്തിനുള്ള ഓരോ ഇന്ത്യക്കാരന്റെയും അവകാശം ഇല്ലാതാക്കി ഈ നിയമത്തിലൂടെ ബഹുരാഷ്ട്ര കുത്തകകൾ വിതരണം ചെയ്യുന്ന അനാരോഗ്യകരമായ ഭക്ഷണ സംസ്കാരം അടിച്ചേല്പിക്കുകയും ചെയ്താൽ ഞങ്ങൾക്ക് ഗാന്ധിജിയുടെ പാത പിന്തുടരേണ്ടിവരും. അതിനെ ഞങ്ങൾ അന്നസത്യാഗ്രഹം എന്നുവിളിക്കും.

ആരോഗ്യപൂർണമായ വൈവിധ്യം നിറഞ്ഞ ഭക്ഷണ സംസ്കാരമാണ് ഇന്ത്യയുടേത്. ഇത് പകർന്നു നല്കിയതാകട്ടെ അയ്യായിരത്തോളം വർഷം പഴക്കമുളള ജീവിതത്തിന്റെയും ഭക്ഷണകലയുടെയും ശാസ്ത്രമായ ആയുർവേദവും. അന്നം സർവൗഷധിയാണ്. എന്നാൽ, സർക്കാർ ഇപ്പോൾ നിയമം ദേശീയ-പൊതുജനാരോഗ്യ-ശാസ്ത്ര-ജനാധിപത്യവിരുദ്ധമാണ്. ഇന്ത്യയുടെ ഭക്ഷണ സംസ്കാരത്തിലേക്ക് കടന്നു കയറുന്നു എന്നതുകൊണ്ടാണ് ഈ കരട് നയത്തെ ദേശീയവിരുദ്ധമെന്ന് വിളിക്കുന്നത്. നിയമവിരുദ്ധമായതിനെ നിയമപരമാക്കാനും ആരോഗ്യപൂർണവും തദ്ദേശീയ സമ്പദ്‌വ്യവസ്ഥയെയും ക്രിമിനൽവത്കരി ക്കാനുമാണ് ഈ നയം കൊണ്ടുവരുന്നതിലൂടെ സർക്കാർ ശ്രമിക്കുന്നത്. (**മാതൃഭൂമി**, 17/6/2018)

### ക്രൈസ്തവസഭകളുടെ ഐക്യത്തിന് ആഹ്വാനം ചെയ്ത് മാർപാപ്പ

**ജനീവ**: സഭാവ്യത്യാസങ്ങൾ ക്രിസ്തു മതവിശ്വാസികളുടെ ഐക്യത്തിനു തടസ്സമാകരുതെന്ന് ഫ്രാൻസിസ് മാർപാപ്പ. ഈ ഐക്യം ഉപയോഗപ്പെടുത്തേണ്ടത് ലോകത്തിനു സമാധാനവും നീതിയും നേടിക്കൊടുക്കാനായിരിക്കണമെന്ന് മാർപാപ്പ പറഞ്ഞു. 350 സഭകൾക്ക് അംഗത്വമുള്ള വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (ഡബ്ല്യുസിസി) എഴുപതാം വാർഷികം

പ്രമാണിച്ച് സ്വിറ്റ്സർലൻഡിലെ ജനീവയിൽ സംഘടിപ്പിച്ച പ്രാർഥനായോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മാർപാപ്പ. കത്തോലിക്കാ സഭ ഡബ്ല്യൂസിസിയിൽ അംഗമല്ല. **(ദീപിക, 21/6/2018)**

### തോട്ടംമേഖലയെ കൈപിടിച്ചുയർത്തണം

**കൊച്ചി**: കേരളത്തെ സംബന്ധിച്ചിടത്തോളം തോട്ടം മേഖല ആയിരക്കണക്കിനു തൊഴിലാളികളുടെ ഉപജീവനമാർഗവും സംസ്ഥാനത്തെ കാർഷിക വരുമാനത്തിന്റെ മുഖ്യസ്രോതസുമാണ്. മൂന്നര ലക്ഷത്തോളം തൊഴിലാളികൾ തോട്ടം മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇതിൽ അറുപതുശതമാനവും സ്ത്രീത്തൊഴിലാളികളാണ്. തീർത്തും ദയനീയമാണ് അവരുടെ ജീവിത സാഹചര്യങ്ങൾ. മേഖലയിലെ പ്രശ്നങ്ങൾ സാമൂഹ്യ സംഘർഷങ്ങളിലേക്കു നീങ്ങുന്ന സാഹചര്യം സംജാതമായപ്പോഴാണു പ്രശ്നങ്ങൾ പഠിച്ചു പരിഹാര മാർഗങ്ങൾ നിർദേശിക്കാൻ സർക്കാർ 2015 നവംബറിൽ റിട്ട. ജസ്റ്റിസ് എൻ കൃഷ്ണൻനായർ അധ്യക്ഷനായി കമ്മീഷനെ നിയോഗിച്ചത്. തോട്ടങ്ങളും തോട്ടവിളകളും കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കു മാത്രമല്ല, സാമൂഹ്യമായ കെട്ടുറപ്പിനും പരിസ്ഥിതി സംരക്ഷണത്തിനും ആവശ്യമാണ്.

തോട്ടം മേഖലയുമായി ബന്ധപ്പെട്ട പുതിയ തീരുമാനങ്ങളുടെ നടത്തിപ്പു സർക്കാർ കൃത്യമായി നിരീക്ഷിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യണം. **(ദീപിക, 22/6/2018)**

### അതിഥി തൊഴിലാളി പ്രശ്നങ്ങൾക്ക് പരിഹാരമായി സർക്കാർ പദ്ധതികൾ

**കൊച്ചി**: 'കേരളത്തിൽ ആരും ഇതരസംസ്ഥാന തൊഴിലാളികൾ അല്ല, അവരെ അതിഥി തൊഴിലാളികൾ എന്നാണ് വിശേഷിപ്പിക്കേണ്ടത്' മുഖ്യമന്ത്രി പിണറായി വിജയൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നെത്തി ഇവിടെ പണിയെടുക്കുന്നവരെക്കുറിച്ചു പറഞ്ഞ വാക്കുകളാണിത്. കേരളത്തിലെ നിർമാണ മേഖലയിലടക്കം വിസ്മരിക്കപ്പെടാനാകാത്ത സാന്നിധ്യമാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ എങ്കിലും ഇവർ തൊഴിൽ മേഖലയിലടക്കം വിവേചനങ്ങൾ നേരിടുന്നുവെന്നാണ് യാഥാർഥ്യം. ഇതര സംസ്ഥാന തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾക്കു പരിഹാരമായി സർക്കാർ ആവിഷ്കരിച്ച വിവിധ പദ്ധതികൾ വ്യാപിപ്പിക്കാനുള്ള ഒരുക്കത്തിലാണ് സർക്കാർ. **(ദീപിക, 25/6/2018)**

### പ്രത്യാഘാതങ്ങളുണ്ടാക്കുന്ന കോടതിവിധി

സംസ്ഥാന പോലീസ് മേധാവിയുടെ നിയമനത്തിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനും അതുവഴി കേന്ദ്ര സർക്കാരിനും കൂടുതൽ അധികാരങ്ങൾ നല്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ചീഫ് ജസ്റ്റീസ് ദീപക് മിശ്ര, ജസ്റ്റീസുമാരായ എ.എം. ജസ്റ്റീസ് ദീപകാ മിശ്ര, ജസ്റ്റീസുമാരായ എ.എം. ഖാൻവിൽക്കർ, ഡി.വൈ. ചന്ദ്രചൂഡ് എന്നിവരടങ്ങിയ സുപ്രീം കോടതി ബെഞ്ചിന്റെ വിധി ഇന്ത്യൻ ഭരണഘടനലംഘനമാണ് എന്ന വിമർശനം നിയമവൃത്തങ്ങളിൽ നിന്ന് ഇതിനകം തന്നെ ഉയർന്നുകഴിഞ്ഞിട്ടുണ്ട്.

ക്രമസമാധാനപാലനം പൂർണമായും ഒരു സംസ്ഥാന വിഷയമാകുമ്പോൾ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പൂർണമായും സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലായിരിക്കണം. 2006 ലെ പ്രകാശ് സിംഗ് കേസിലെ വിധിയിലൂടെ സംസ്ഥാന പോലീസ് മേധാവിയുടെ നിയമനത്തിലുള്ള പാനൽ രൂപീകരിക്കാൻ യുപിഎസ്സിയെ ചുമതലപ്പെടുത്തിയെങ്കിലും വളരെ ചുരുങ്ങിയ സംസ്ഥാനങ്ങൾ മാത്രമാണ് ഇത് അനുസരിച്ചത്. പുതിയ സുപ്രീം കോടതി വിധിയോടെ ഇത് എല്ലാ സംസ്ഥാനങ്ങൾക്കും നിർബന്ധിതമായി മാറുകയാണ്.

ഡിജിപിമാരുടെ പാനൽ നിശ്ചയിക്കുന്നതിനു യുപിഎസ്സിക്ക് അധികാരം കിട്ടുമ്പോൾ സ്വാഭാവികമായും കേന്ദ്ര സർക്കാരിന്റെ താത്പര്യങ്ങൾ അതിൽ പ്രതിഫലിക്കും.

രാജ്യത്തെ ഭരണഘടനാ സ്ഥാപനങ്ങളിലെല്ലാം കേന്ദ്ര സർക്കാരിന്റെ അവിഹിതമായ ഇടപെടൽ വർധിച്ചുവരുന്നു എന്ന ഗുരുതരമായ ആരോപണം പല കോണുകളിൽ നിന്നും ഉയരുന്ന ഇന്നത്തെ സാഹചര്യത്തിൽ രാജ്യത്തെ ഫെഡറൽ തത്ത്വങ്ങളെ ബാധിക്കുന്ന സുപ്രീം കോടതിയുടെ ഈ വിധി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നത് ഉറപ്പാണ്. **(ദീപിക, 4/7/2018)**

### രാഷ്ട്രീയക്കാരെ ദുഷിപ്പിക്കുന്നത് പോലീസുകാർ: ജേക്കബ് പുന്നൂസ്

**കൊച്ചി**: രാഷ്ട്രീയക്കാർ പോലീസിനെയല്ല, പോലീസുകാർ രാഷ്ട്രീയക്കാരെയാണ് ദുഷിപ്പിക്കുന്നതെന്നു മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ്. ഡിജിപി നിയമനം യുപിഎസ്സിക്കു വിടണമെന്ന സുപ്രീം കോടതി വിധി, വിരമിച്ചതിനു ശേഷം അധികാരത്തിൽ തുടരാൻ ചിലരെ അനുവദിക്കുന്നതാണെന്നും കസേരയിൽ കടിച്ചുതൂങ്ങാൻ വേണ്ടി പൊലീസ് എന്തും ചെയ്യുന്ന അവസ്ഥ വരുമെന്നും ജേക്കബ് പുന്നൂസ് പറഞ്ഞു. പോലീസിലെ ദാസ്യപ്പണി ഒരു തരത്തിൽ അഴിമതി തന്നെയാണെന്നും ഇതിനെതിരെ ജനമനഃസാക്ഷി ഉണരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ചാവറകൾച്ചറൽ സെന്ററും ആർടിഐ കേരള ഫെഡറേഷനും ചേർന്നു സംഘടിപ്പിച്ച 'പൊലീസ് സേനയുടെ നവീകരണം സമീപകാല സാഹചര്യങ്ങളിൽ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. **(മലയാള മനോരമ 20/7/2018)**

### ദയാവധം: അനുമതി നല്കുന്നതിന് മാർഗരേഖ

**തിരുവനന്തപുരം**: സംസ്ഥാനത്ത് ദയാവധം അനുവദിക്കുന്നതിനുള്ള മാർരേഖയുടെ കരട് തയാറായി. അനുമതി നല്കുന്നതിനായി ജില്ലകളിൽ വിദഗ്ധ ഡോക്ടർമാരുടെ പാനൽ രൂപീകരിക്കുന്നത് ഉൾപെടെയുള്ള സംവിധാനങ്ങൾ ഒരുക്കണമെന്ന് ഡോ. എം. ആർ രാജഗോപാൽ സമിതി സർക്കാരിന് ശിപാർശ നല്കി. ജില്ലകളിൽ 25 ഡോക്ടർമാർ ഉൾപെടുന്ന പാനൽ വേണമെന്ന നിർദ്ദേശമാണ് സമിതി നല്കിയിരിക്കുന്നത്. കാലതാമസവും നിയമക്കുരുക്കുകളും ഒഴിവാക്കാൻ സംസ്ഥാനം പ്രത്യേകം നിയമനിർമാണം നടത്തണമെന്നും ഡോ. രാജഗോപാൽ പറഞ്ഞു. **(ചന്ദ്രിക, 23/7/2018)**

# മതസൗഹാർദത്തിന്റെ ഇഫ്ത്താറിൽ തിളങ്ങി പി.ഒ.സി

## ഉപവാസവും പ്രാർത്ഥനയും വിവിധമതങ്ങളിൽ



**കൊച്ചി:** മതസൗഹാർദത്തിനും പങ്കുവയ്ക്കലിനും നല്ല വേദിയായി കേരളകത്തോലിക്കാസഭയുടെ ആസ്ഥാനമായ പി.ഒ.സി. മതസൗഹാർദ കൂട്ടായ്മ യുടെ ഭാഗമായി ഇസ്ലാം സഹോദരങ്ങൾക്കു റംസാൻ നോമ്പിലെ നിസ്കാരത്തിനും നോമ്പുതുറയ്ക്കും പി.ഒ.സിയിൽ ഇടമൊരുങ്ങി.

കെസിബിസി ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മിഷന്റെ ആഭിമുഖ്യത്തിലാണു മത സൗഹാർദ കൂട്ടായ്മ സംഘടിപ്പിച്ചത്. കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ ഉദ്ഘാടനം ചെയ്തു. എല്ലാ മതങ്ങളുടെയും അന്തസത്ത ഉൾക്കൊണ്ടു പരസ്പരം പങ്കുവയ്ക്കാനും സൗഹാർദം ശക്തിപ്പെടുത്താനും എല്ലാവർക്കും കടമയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മതങ്ങളെ തെറ്റായി മനസ്സിലാക്കുന്ന, തെറ്റായി വ്യാഖ്യാനിക്കുന്ന, തെറ്റായി പ്രതിനിധാനം ചെയ്യുന്ന ഈ ആധുനിക യുഗത്തിൽ ഇത്തരം കൂട്ടായ്മ കളുടെ അനിവാര്യത ഒരുപാട് പ്രാധാന്യമർഹിക്കുന്നു.

വ്യത്യസ്ത മതങ്ങളിലെ ഉപവാസവും പ്രാർഥന യും എന്ന വിഷയത്തിൽ ഇമാം കെ.എ. യൂസഫ് ഉമരി, നാരായണ ഋഷി സ്വാമി, റവ. ഡോ. സക്കറിയാസ് പറനിലം എന്നിവർ പ്രഭാഷണം നടത്തി. പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, കമ്മീഷൻ സെക്രട്ടറി റവ. ഡോ. പ്രസാദ് തെരുവത്ത് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഇഫ്ത്താർ വിരുന്നും ഉണ്ടായിരുന്നു. ജസ്റ്റീസ് സിറിയക് ജോസഫ്, ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ, നോവലിസ്റ്റ് കെ.എൽ. മോഹനവർമ തുടങ്ങി മത, സാമൂഹ്യ രംഗങ്ങളിലെ പ്രമുഖരും മത സൗഹാർദ കൂട്ടായ്മയിൽ പങ്കെടുത്തു. **(8/6/2018)**

# വാങ്മയം കലാ സഹിത്യ സായാഹ്നത്തിന് തുടക്കം




**കൊച്ചി:** കെസിബിസി പ്രസിദ്ധീകരണമായ താലന്തും പി.ഒ.സി.യും ചേർന്ന് പി.ഒ.സി.യുടെ പ്രതിമാസ കലാ സാഹിത്യ സായാഹ്നം 'വാങ്മയം' സംഘടിപ്പിച്ചു. വാങ്മയത്തിന്റെ ഉദ്ഘാടനം സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ നിർവഹിച്ചു. ഓരോ വ്യക്തിയും വ്യത്യസ്ത നാണെന്നും എന്നാൽ എല്ലാവരും ദൈവികതയുടെ ഭാഗമാണെന്നും നല്ല ഹിന്ദുവിന് മറ്റൊരു മതത്തെ പ്രതിയോഗിയായി കാണാനാവില്ലെന്നു നിരീശ്വര ന്മാർക്കും വിശ്വസികൾക്കും സ്ഥാനമുള്ള മതമാണ് ഹിന്ദുമതമെന്നു അദ്ദേഹം അഭിപ്രായ പ്പെട്ടു. കലയും സാഹിത്യവും സമ്മാനിക്കുന്ന മനുഷ്യത്വം ദൈവത്വ ത്തെയും ശാന്തിയെയും വ്യാപിപ്പിക്കുന്നതാണെന്നും അടൂർ പറഞ്ഞു.

പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ജസ്റ്റിസ് അലക്സാണ്ടർ തോമസ്, തിരക്കഥാകൃത്ത് പി. എഫ്. മാത്യൂസ്, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, എസ്. രമേശൻ, എഴുത്തുകാരൻ ഫ്രാൻസിസ് നൊറോണ, ബോണി തോമസ്, പ്രൊഫ. ഷാജി ജോസഫ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് അടൂർ ഗോപാല കൃഷ്ണനെക്കുറിച്ചു വിപിൻ വിജയ് സംവിധാനം ചെയ്ത ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. **(6/7/2018)**

**ആഗസ്റ്റ് 2ന് പ്രസിദ്ധ നോവലിസ്റ്റ് സേതുവായി രിക്കും 'വാങ്മയ'ത്തിൽ മുഖ്യ പ്രഭാഷണം നടത്തുക.**

### എറണാകുളം മേഖലാ പാസ്റ്ററൽ കൗൺസിൽ നേതൃസംഗമം

## അജപാലന സാക്ഷ്യവും ജാഗ്രതയും

**23 ജൂൺ 2018**

# സഭയിലെ നേതൃത്വം ലൗകികമല്ല




**കൊച്ചി:** സഭയുടെ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ ലോകത്തിന്റെ സമ്മർദങ്ങളിൽ വീണുപോകാതിരിക്കാൻ ജാഗ്രത പുലർത്തണമെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. എറണാകുളം-അങ്കമാലി, കൊച്ചി, വരാപ്പുഴ, കോതമംഗലം, ആലപ്പുഴ, മൂവാറ്റുപുഴ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളുടെ പ്രാദേശിക സമ്മേളനം പി.ഒ.സി.യിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭയിലെ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം മറക്കരുത്. ലൗകിക പ്രലോഭനങ്ങളിൽ വീഴുന്നവർ സഭയുടെ സാക്ഷ്യം നല്കുന്നതിൽ പരാജയപ്പെടുമെന്നു മാത്രമല്ല, തടസമാകുകയും ചെയ്യും. സഭയിലെ നേതൃത്വത്തിന്റെ സ്വഭാവം വ്യത്യസ്തമാണ്. അത് ദൈവവചനത്തിൽ അധിഷ്ഠിതവും, സഭയുടെ പ്രബോധനങ്ങളാൽ നയിക്കപ്പെടുന്നതും ആത്മീയ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതുമാകണം. സഭയെ ഒരു ഭൗതിക സ്ഥാപനമാക്കി മാറ്റാനുള്ള പ്രവണത ആപത്ക്കരമാണ്. "ഓട്ടോ ഇമ്മ്യൂൺ സിൻഡ്രോം" എന്ന മാരക രോഗംപോലെ അത് സഭയെ അപകടപ്പെടുത്തും. ഇതിന്റെ സ്ഥാനത്ത് യഥാർഥ പ്രേഷിതചൈതന്യം തിരിച്ചുവരണം. ഓരോ ജീവിതവും ഒരു ദൗത്യമാണ്. ദൗത്യം മറന്ന വിളികൾ ഭിന്നത വിതയ്ക്കും. വിളിക്കനുസരിച്ച് ദൗത്യം നിർവഹിക്കുന്നതാണ് വിശുദ്ധി. ശുശ്രൂഷകളുടെ സമന്വയത്തിലൂടെ ക്രിസ്തുവിന്റെ മുഖം ഇന്നത്തെ സമൂഹത്തിൽ പ്രതിഫലിപ്പിക്കാൻ ഓരോ അജപാലനസമിതിയും ജാഗ്രത പുലർത്തണം. സഭയിൽ കൂട്ടായ്മയുടെ അരൂപി വളർത്തുന്നതിൽ അജപാലന സമിതികൾക്ക് സുപ്രധാന പങ്കുവഹിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

യോഗത്തിൽ മൂവാറ്റുപുഴ രൂപതാധ്യക്ഷൻ എബ്രഹാം മാർ യൂലിയോസ് അധ്യക്ഷ വഹിച്ചു. ജേക്കബ് പുന്നൂസ് ഐ.പി.എസ്, ലിഡാ ജേക്കബ് ഐ.എഎസ്., ഷാജി ജോർജ് എന്നിവർ 'സാക്ഷ്യവും ജാഗ്രതയും', 'സഭയും കേരളസമൂഹവും' എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോതമംഗലം രൂപതാ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ സമാപന സന്ദേശം നല്കി. **(23/6/2018)**

# ഒറ്റത്തുരുത്തിൽ നിന്നു പലതുകളിലേക്ക്...



**കൊച്ചി:** മാനവികതയുടെ ഏകഭാവത്തിലേക്കു പോകാനുള്ള ശ്രമമാണു 'ദയാതുഷാരങ്ങളെന്ന്' ചിത്രപ്രദർശനത്തിലൂടെ കലാകാരന്മാർ നടത്തുന്നത്. ആറു വൈദികരും ഒരു സിസ്റ്ററും ഒരു വിദ്യാർഥിനിയുമാണു പ്രദർശനത്തിനു നേതൃത്വം കൊടുക്കുന്നത്.

വൈവിധ്യങ്ങളേറെ പ്രകടിപ്പിക്കുന്ന പ്രകൃതിക്കുപോലും ഏകസ്വഭാവമാണ്. പക്ഷേ, മനുഷ്യരിപ്പോഴും ഒറ്റത്തുരുത്തുകളായി നിലനില്ക്കാൻ ആഗ്രഹിക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ, പണത്തിന്റെയോ അളവുകോലിൽ മാത്രം കുട്ടികളെ തിരഞ്ഞെടുക്കുന്നു. ഇത്തരം സ്വാർഥഭാവങ്ങളെ കലയിലൂടെ മനുഷ്യമനസ്സുകളിൽ നിന്ന് ഇല്ലാതാക്കുകയാണു ചിത്രപ്രദർശനത്തിന്റെ ലക്ഷ്യം. കുട്ടികളിൽ കാണുന്ന കൂട്ടായ്മയും സൗഹൃദങ്ങളുമാണു പ്രദർശനത്തിനു പ്രോചോദനമായതെന്നു ചിത്രകാരനായ ഫാ. ആന്റണി നങ്ങേലിമാലിൽ പറയുന്നു. ഇവരുടെ ചിത്രങ്ങൾക്കൊപ്പം 58 കുട്ടികളുടെ ചിത്രങ്ങളും ദയാതുഷാരങ്ങളിൽ കാണാം. ദർബാർ ഹാൾ ആർട് ഗാലറിയിലാണു പ്രദർശനം ചിത്രകാരൻ ബോണി തോമസ് ഉദ്ഘാടനം ചെയ്തു.

മാനുഷികതയിലേക്കുള്ള സന്ദേശമാണ് ഓരോ ചിത്രവും. കെസിബിസി മീഡിയ കമ്മീഷൻ സംഘടിപ്പിക്കുന്ന ചിത്രപ്രദർശനം എട്ടിനു സമാപിക്കും. ഫാ. ആന്റണി നങ്ങേലിമാലിൽ, ഫാ. എബി ഇടശേരി, ഫാ. ജോസഫ് ജോയ്സൻ, സിസ്റ്റർ സാന്ദ്ര സോണിയ, ഫാ. സുനിൽ ജോസ്, ഫാ. ജയിംസ്മോൻ, ഫാ. ജോബി മേരിസൺ, ഫാ. റോയ് എം. തോട്ടം, അനീറ്റ റോസ് എബ്രാഹം എന്നിവരാണു ചിത്രപ്രദർശനത്തിനു നേതൃത്വം നല്കിയത്.